Tony Pearce

# അന്ത്യനാളുകൾക്ക് വെളിച്ചം



ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

വസന്തം 2026

# അവർ കേൾക്കാൻ ആഗ്രഹിക്കാത്ത സന്ദേശം




‘ഞങ്ങളുടെ സഭയിൽ ബൈബിൾ പ്രവചനങ്ങളെക്കുറിച്ച് ഒന്നുംതന്നെ കേൾക്കാറില്ല.’ ഈ മാസിക ലഭിച്ചതിനുശേഷം ആളുകൾ ഞങ്ങളോട് പറയുന്ന ഏറ്റവും സാധാരണമായ കാര്യങ്ങളിൽ ഒന്നാണിത്. ബൈബിളിന്റെ ഉള്ളടക്കത്തിൽ ഏകദേശം 25 ശതമാനത്തോളം പ്രവചനങ്ങളാണെന്നിരിക്കെ ഇതൊരു കൗതുകകരമായ കാര്യമാണ്. യിസ്രായേലിനെയും ചുറ്റുമുള്ള രാജ്യങ്ങളെയും കുറിച്ചുള്ള പ്രവചനങ്ങൾ, മശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ, ഭാവികാലത്തെയും അന്ത്യകാലത്തെയും കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

‘വിശ്വസിക്കുവാനുള്ള കാരണങ്ങൾ’ എന്ന വെബ്സൈറ്റ് ഇപ്രകാരം എഴുതുന്നു: ‘ഇതുവരെ എഴുതപ്പെട്ടിട്ടുള്ള എല്ലാ പുസ്തകങ്ങളിലും വെച്ച് സവിശേഷമായി, ബൈബിൾ കൃത്യമായ സംഭവങ്ങളെ അവ സംഭവിക്കുന്നതിന് വർഷങ്ങൾക്കും ചിലപ്പോൾ നൂറ്റാണ്ടുകൾക്കും മുമ്പ് വിശദമായി മുൻകൂട്ടി പറയുന്നു. ബൈബിളിന്റെ താളുകളിൽ ഏകദേശം 2,500 പ്രവചനങ്ങൾ കാണപ്പെടുന്നു, അവയിൽ 2,000 എണ്ണവും ഇതിനകം അക്ഷരംപ്രതി നിറവേറ്റപ്പെട്ടിട്ടുണ്ട് — യാതൊരു പിശകുകളുമില്ലാതെ. ഈ

## ഉള്ളടക്കം

അവർ കേൾക്കാൻ ആഗ്രഹിക്കാത്ത സന്ദേശം.... 1
ഗൾഫ് യുദ്ധത്തേക്കുറിച്ചുള്ള ചിന്തകൾ.................. 9
കാലത്തിന്റെ അടയാളങ്ങൾ.......................................... 23
അന്തിമവാക്ക്.......................................................................... 31

പ്രവചനങ്ങളിൽ ഏതെങ്കിലും ഒന്ന് യാദൃശ്ചികമായി സംഭവിക്കാനുള്ള സാധ്യത പത്തിലൊന്നിലും (1/10) കുറവാണെന്നിരിക്കെ, ഈ പ്രവചനങ്ങളെല്ലാം യാതൊരു പിശകും കൂടാതെ യാദൃശ്ചികമായി നിറവേറാനുള്ള സാധ്യത 102000 – ത്തിൽ ഒന്നിലും കുറവാണ്.

ഈ പ്രവചനങ്ങൾ എബ്രായ തിരുവെഴുത്തുകളിലും (പഴയ നിയമം) പുതിയ നിയമത്തിലും കാണപ്പെടുന്നു. പഴയ നിയമത്തിലെ പ്രവചനങ്ങൾ 'കർത്താവിന്റെ ദിവസത്തെ' (ന്യായവിധിയുടെ ദിവസം) കുറിച്ചുള്ളതാണ്. അന്ത്യകാല പ്രവചനങ്ങൾ പ്രധാനമായും യിസ്രായേൽ ദേശത്തിന്റെ പുനഃസ്ഥാപനം, യെരൂശലേമിനെച്ചൊല്ലിയുള്ള സംഘർഷം, മശിഹായുടെ വരവ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എബ്രായ പ്രവാചകന്മാർ മശിഹായെക്കുറിച്ച് രണ്ട് ചിത്രങ്ങളാണ് നൽകുന്നത്: ഒന്നാമത്, കഷ്ടം അനുഭവിക്കുന്ന ദാസൻ — നഷ്ടപ്പെട്ട മാനവരാശിയെ രക്ഷിക്കാനായി ലോകത്തിന്റെ പാപങ്ങൾ സ്വന്തം ചുമലിലേറ്റുന്ന ദാസനായി അവിടുന്നു വരുന്നു (യെശ. 53). രണ്ടാമതായി, മഹത്ത്വത്തോട് വരുന്ന രാജാവ്: ലോകത്തെ നീതിയോടെ വിധിക്കാനും മശിഹാ രാജ്യം സ്ഥാപിക്കാനുമായി ശക്തിയോടും മഹത്ത്വത്തോടും കൂടെ കർത്താവു വരുന്നു (യെശ. 2:1–4, 11; സെഖ. 14).

യെശയ്യാവു 53, സങ്കീ. 22 എന്നീ പ്രവചനങ്ങൾ നിറവേറ്റിക്കൊണ്ട് യേശു എങ്ങനെയാണ് കഷ്ടം അനുഭവിക്കുന്ന ദാസനായി വന്നതെന്ന് പുതിയ നിയമം കാണിച്ചുതരുന്നു. ലോകത്തിന്റെ പാപത്തിന് പകരമായി ക്രൂശിൽ മരിക്കുകയും, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ, സുവിശേഷത്തിൽ വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്നവർക്ക് പാപമോചനവും ദൈവരാജ്യത്തിൽ നിത്യജീവനും അവിടുന്നു നൽകുന്നു.'ഞാൻ വീണ്ടും വരും' (യോഹ. 14:3) എന്ന് അരുളിച്ചെയ്ത യേശു, തന്റെ രണ്ടാം വരവിനു മുന്നോടിയായുള്ള അടയാളങ്ങളും നൽകിയിട്ടുണ്ട്, പ്രധാനമായും ഒലിവ് മലയിലെ പ്രഭാഷണത്തിൽ (മത്താ. 24, മർക്കൊ. 13, ലൂക്കൊ. 21). കൂടാതെ ലേഖനങ്ങളിലും (1 തെസ്സ. 4–5, 2 തെസ്സ. 2, 2 തിമൊ. 3–4, 2 പത്രൊ. 3) വെളിപ്പാട് പുസ്തകത്തിലും ഈ വിഷയത്തെക്കുറിച്ചുള്ള പഠിപ്പിക്കലുകളുണ്ട്.

ഇതിനകം സംഭവിച്ച കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ അക്ഷരം പ്രതിയാണ് നിറവേറ്റപ്പെട്ടത്. അന്ത്യകാലത്തെ സംബന്ധിച്ച ഭാവി പ്രവചനങ്ങളും അതുപോലെതന്നെ എഴുതപ്പെട്ടതുപോലെ നിറവേറ്റപ്പെടും; വാസ്തവത്തിൽ ഇന്നത്തെ ലോക സംഭവങ്ങളിലൂടെ അവ നിറവേറിത്തുടങ്ങിയിരിക്കുന്നു. നാം ജീവിക്കുന്ന കാലഘട്ടത്തെ മനസ്സിലാക്കാനും, ദൈവവചനം പഠിക്കുന്നതിലൂടെയും പരിശുദ്ധാത്മാവിനാൽ പ്രകാശിക്കപ്പെടുന്നതിലൂടെയും സത്യത്തിലേക്ക് നയിക്കപ്പെടാനുമാണ് ദൈവം ഈ പ്രവചനങ്ങൾ നൽകിയിരിക്കുന്നത്. തീർച്ചയായും, ഈ വിഷയത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആളുകളെ ഈ പഠനത്തിൽ നിന്ന് അകറ്റുന്ന തരത്തിലുള്ള വിചിത്രമായ പല ആശയങ്ങളും ഇന്ന് പ്രചാരത്തിലുണ്ട്. ചിലർ ഭാവി സംഭവങ്ങളെക്കുറിച്ചും യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചും തീയതികൾ ഉൾപ്പെടെയുള്ള കൃത്യമായ പ്രവചനങ്ങൾ നടത്താറുണ്ട്. എന്നാൽ തന്റെ മടങ്ങിവരവിനെക്കുറിച്ച് യേശു വ്യക്തമായി പറഞ്ഞത് ഇതാണ്: 'ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല' (മത്താ. 24:36). അതിനാൽ ആ ദിവസം മുൻകൂട്ടി പറയരുതെന്ന് താൻ നമ്മോട് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റൊരു പ്രശ്നം, ദാനിയേൽ,

വെളിപ്പാട് തുടങ്ങിയ പ്രവചന പുസ്തകങ്ങളുടെ വ്യാഖ്യാനം പലപ്പോഴും അമിതമായി സങ്കീർണ്ണവും സിദ്ധാന്ത പരവുമായി മാറുന്നു എന്നതാണ്. ഇത് സാധാരണക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടാക്കുകയും അവർ ഈ പഠനം ഉപേക്ഷിക്കുകയും ചെയ്യുന്നു.

എങ്കിലും, ഇരുളടഞ്ഞ കാലഘട്ടത്തിൽ ജീവിക്കുന്ന ജനത്തിന് ഒരു വഴികാട്ടിയായിരിക്കാനാണ് ദൈവം പ്രവചനങ്ങൾ നൽകിയത്. 'പ്രവചന വാർത്ത നിരീക്ഷണം' എന്ന വെബ് സൈറ്റിൽ ജോ ഹോക്കിൻസ് ഇപ്രകാരം എഴുതുന്നു:

'ദൈവം തന്റെ ജനത്തെ ആശയക്കുഴപ്പത്തിലാക്കാനല്ല ഭാവി വെളിപ്പെടുത്തുന്നത്. തിരുവെഴുത്തുകളിലുടനീളം, പ്രവചനങ്ങൾ ഒരുക്കത്തിനും മുന്നറിയിപ്പിനും ആശ്വാസത്തിനുമായാണ് നൽകപ്പെട്ടിരിക്കുന്നത്. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവം സംസാരിക്കുന്നത് തന്റെ ജനം പരിഭ്രമിക്കാനല്ല, മറിച്ച് ഒരുക്കമുള്ളവരായിരിക്കാനാണ്. കാലഘട്ടത്തെ വ്യാഖ്യാനിക്കാൻ പ്രവചനം ഒരു ചട്ടക്കൂട് നൽകുന്നു. ആമോസ് പ്രവാചകൻ എഴുതി: 'യഹോവയായ കർത്താവു പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല' (ആമോ. 3:7). യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു: 'ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു' (മത്താ. 24:25). പിന്നീട് അവിടുന്നു പറഞ്ഞു: 'അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനു ഞാൻ ഇപ്പോൾ അതു സംഭവിക്കും മുമ്പെ നിങ്ങളോടു പറഞ്ഞിരിക്കുന്നു' (യോഹ. 14:29). പത്രൊസ് അപ്പൊസ്തലൻ പ്രവചനവചനത്തെ 'ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കു' (2 പത്രൊ. 1 :19) എന്നാണ് വിശേഷിപ്പിച്ചത്.'

## അന്ത്യകാല സംഭവങ്ങളെക്കുറിച്ചുള്ള ഒരു ലഘു പഠന സഹായി

ഒന്നാമതായി, താൻ വീണ്ടും വരുമെന്ന് യേശു നൽകിയ ഉറപ്പുള്ള വാഗ്ദത്തത്തെക്കുറിച്ച് നാം അറിഞ്ഞിരിക്കണം. ഭൂമിയിൽ മോശമായ കാര്യങ്ങൾ സംഭവിക്കുമ്പോൾ തന്റെ ശിഷ്യന്മാർ ആകുലപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്യരുതെന്നും അവിടുന്നു പറഞ്ഞു. ക്രൂശിലേക്ക് പോകുന്നതിന് മുമ്പ് തന്റെ ശിഷ്യന്മാരുമായി നടത്തിയ അവസാന കൂടിക്കാഴ്ചയിൽ യേശു അവരോട് ഇപ്രകാരം പറഞ്ഞു:

***'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'*** (യോഹ. 14:1–3).

കർത്താവിന്റെ മടങ്ങിവരവിന് മുമ്പുള്ള ദിവസങ്ങളിൽ എന്തൊക്കെയാണ് പ്രതീക്ഷിക്കേണ്ടതെന്ന് ശിഷ്യന്മാർ ചോദിച്ചു: 'അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ചു അവന്റെ അടുക്കൽ വന്നു: ***അതു എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്തു എന്നും*** പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു. അതിനു യേശു ഉത്തരം പറഞ്ഞതു: ***"ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധ ശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല; ജാതി***

***ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ'*** (മത്താ. 24:3–4).

ആദ്യത്തെ അടയാളം ആത്മീയ വഞ്ചനയെക്കുറിച്ചാണ് പറയുന്നത്; ഇത് വ്യാജ ക്രിസ്തുക്കളെയും വ്യാജ പ്രവാചകന്മാരെയും കൊണ്ടുവരുന്നു. ഇവർ ദൈവത്തെയോ യേശുവിനെയോ പ്രതിനിധീകരിക്കുന്നു എന്ന് അവകാശപ്പെട്ടേക്കാം, എന്നാൽ യഥാർത്ഥത്തിൽ ആളുകളെ വഴിതെറ്റിക്കുന്ന വഞ്ചകരായിരിക്കും അവർ. ഇത്തരം വ്യാജങ്ങളെ പ്രതിരോധിക്കാനുള്ള വഴി, ദൈവത്തിന്റെ സത്യത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കുക, വഴി യഥാർത്ഥമായതിനെ തിരിച്ചറിയുക എന്നതാണ്. ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏക രക്ഷകനും മധ്യസ്ഥനുമായ യഥാർത്ഥ കർത്താവായ യേശുക്രിസ്തുവിലേക്ക് നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിലൂടെ, ദൈവവചനത്തിൽ ഈ സത്യം വെളിപ്പെടുത്തിയിരിക്കുന്നു.

***'അവൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. ദൈവം ഒരുവനല്ലോ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ'*** (1 തിമൊ. 2: 5).

യുദ്ധങ്ങൾ, ക്ഷാമങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവയുടെ വർദ്ധനവ് അന്ത്യകാലത്തിന്റെ ഒരു അടയാളമായിരിക്കുമെന്ന് യേശു നമ്മോട് പറയുന്നു. ഇത് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നു, അതിനാൽ യേശു 'ഈറ്റുനോവിന്റെ ആരംഭം' എന്ന് വിളിച്ച കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. 'ഈറ്റുനോവ്' എന്ന പദം പ്രസവവേദനയെയാണ് സൂചിപ്പിക്കുന്നത്; പ്രവചന സംഭവങ്ങളുമായും അന്ത്യകാലവുമായും ബന്ധപ്പെട്ട് ഈ പദം പലപ്പോഴും ഉപയോഗിക്കാറുണ്ട് (യെശ. 21:3, യിരെ. 30:6, 1 തെസ്സ. 5:3, വെളി. 12:2 കാണുക). ഒരു സ്ത്രീ പ്രസവിക്കുമ്പോൾ, വേദന ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ അത് കൂടുതൽ തീവ്രമാവുകയും തടയാൻ കഴിയാത്ത പ്രക്രിയയായി മാറുകയും ചെയ്യുന്നു. ആ പ്രക്രിയ വേദനാജനകമാണെങ്കിലും, കുഞ്ഞ് ജനിച്ചുകഴിഞ്ഞാൽ ഒരു പുതിയ ജീവനെ ലോകത്തിലേക്ക് കൊണ്ടുവന്ന സന്തോഷത്തിൽ ആ സ്ത്രീ തന്റെ വേദന മറക്കുന്നു (യോഹ.16:21).

ഈ സംഭവങ്ങളെ യേശു ക്രിസ്തുവിന്റെ രണ്ടാം വരവുമായി താരതമ്യം ചെയ്യുമ്പോൾ, അവിടുത്തെ വരവ് അടുക്കുംതോറും വേദനാജനകമായ സംഭവങ്ങൾ കൂടുതൽ തീവ്രമായിക്കൊണ്ടിരിക്കുമെന്ന് നമുക്ക് മനസ്സിലാക്കാം. ഈ പ്രക്രിയ ഒരിക്കൽ ആരംഭിച്ചാൽ കർത്താവിന്റെ മടങ്ങിവരവ് വരെ അത് മാറില്ല. എന്നാൽ അവിടുന്ന് വരുമ്പോൾ, കർത്താവിൽ വിശ്വസിക്കുകയും തന്റെ വരവിനായി കാത്തിരിക്കുകയും ചെയ്യുന്നവർ, കർത്താവ് ലോകത്തെ രക്ഷിക്കാൻ മടങ്ങിവന്നു എന്ന സന്തോഷത്താൽ പഴയ വേദനകളെല്ലാം മറന്നു പോകും.

അന്ത്യകാലത്ത് ഈ സന്ദേശം പ്രസംഗിക്കപ്പെടുമ്പോൾ എല്ലാവരും അത് സ്വീകരിക്കും എന്നതിനർത്ഥമില്ല. യേശു മടങ്ങിവരുന്നതിന് മുമ്പ് ലോകം മുഴുവൻ ക്രിസ്തു വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന ഒരു വലിയ അന്ത്യകാല ഉണർവ് ഉണ്ടാകുമെന്ന് സമകാലിക ക്രിസ്ത്യാനികളുടെ ഇടയിലുള്ള 'രാജത്വവും അധികാരവും' (Kingdom and Dominion) എന്ന ഉപദേശം ഒരു തെറ്റിദ്ധാരണയാണ്. വാസ്തവത്തിൽ പ്രവചന തിരുവെഴുത്തുകൾ സൂചിപ്പിക്കുന്നത് ഇതിന് വിപരീതമായ കാര്യമാണ്; യേശു വരുന്നതിന് മുമ്പ് ലോകത്തിലെ ഭൂരിഭാഗം ആളുകളും എതിർക്രിസ്തുവിലേക്ക്

തിരിയുകയും, സത്യത്തെ അടിച്ചമർത്തുകയും, സത്യവിശ്വാസികളെ പീഡിപ്പിക്കുകയും ചെയ്യുമെന്നാണ് നാം വായിക്കുന്നത്.

## മഹോപദ്രവം

മത്തായി 24-ൽ, അന്ത്യകാലത്ത് വരാനിരിക്കുന്ന മഹോപദ്രവം എന്ന് വിളിക്കപ്പെടുന്ന സമാനതകളില്ലാത്ത കഷ്ടകാലത്തെക്കുറിച്ച് യേശു സംസാരിക്കുന്നു. ആ സമയത്ത്, ഭൂമിയിലെ സകല ജീവജാലങ്ങളുടെയും നിലനിൽപ്പിനെത്തന്നെ ഭീഷണിപ്പെടുത്തുന്ന വിധത്തിൽ ലോകം ഒരു വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കും. യേശു അതിനെ ഇങ്ങനെ വിവരിച്ചു: ***'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും'*** (മത്താ. 24:21-22).

ദാനിയേലിന്റെയും വെളിപ്പാടിലെയും പ്രവചനങ്ങൾ സൂചിപ്പിക്കുന്നത് ഇത് ഏഴ് വർഷത്തെ കാലയളവായിരിക്കുമെന്നാണ്; ഇത് മൂന്നര വർഷം വീതമുള്ള രണ്ട് ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ദിവസത്തിന് മുമ്പുള്ള ഈ കഠിനമായ കഷ്ടകാലം പഴയ നിയമത്തിലെ നിരവധി പ്രവചന ഭാഗങ്ങളിലെയും വിഷയമാണ് (യെശ. 24, യിരെ. 30, യെഹെ. 38-39, ദാനി. 12, യോവേൽ 2-3, സെഫ., സെഖ. 12-14).

ലോകം മുഴുവൻ 'മൃഗം' അല്ലെങ്കിൽ 'എതിർ ക്രിസ്തു' എന്നറിയപ്പെടുന്ന ഒരു ലോകനേതാവിന്റെ അധികാരത്തിന് കീഴിലാകും. സംഭവിക്കുന്ന കാര്യങ്ങളിൽ ഭയചകിതരായിരിക്കുന്ന ലോകത്തിന് സമാധാനവും സുരക്ഷയും വാഗ്ദാനം ചെയ്തുകൊണ്ടായിരിക്കും അവിടുന്നു തന്റെ ഭരണം ആരംഭിക്കുന്നത്. എന്നാൽ താൻ വാഗ്ദാനം ചെയ്യുന്ന സമാധാനം ഒരു വഞ്ചനയാണെന്ന് തെളിയുകയും അത് കൂടുതൽ യുദ്ധങ്ങളിലേക്ക് നയിക്കുകയും ചെയ്യും. വെളിപ്പാട് 6-ൽ ലോകാവസാനത്തിലെ 'നാല് കുതിരകളുടെ മേൽ ഇരിക്കുന്നവർ' എന്നു വിളിക്കപ്പെടുന്ന വേദഭാഗം ഇതിന്റെ ക്രമം വിവരിക്കുന്നു: വെള്ളക്കുതിരപ്പുറത്ത് 'ജയിക്കുന്നവനായി' പുറപ്പെടുന്ന യാത്രക്കാരൻ, തുടർന്ന് യുദ്ധം കൊണ്ടു വരുന്ന ചുവന്ന കുതിര, ക്ഷാമം കൊണ്ടു വരുന്ന കറുത്ത കുതിര, ഒടുവിൽ കൂട്ടമരണം കൊണ്ടു വരുന്ന മഞ്ഞനിറമുള്ള കുതിര എന്നിവയാണവ. ആ കാലഘട്ടത്തിലെ തിന്മകൾക്കിടയിലും, അനേകം ആളുകൾ യേശുവിനെ രക്ഷകനായും കർത്താവായും വിശ്വസിക്കും. ദൈവത്താൽ പ്രത്യേകം മുദ്രയിടപ്പെട്ട 144,000 യെഹൂദന്മാർ യേശുവാണ് മശിഹാ എന്ന വെളിപ്പാട് പ്രാപിക്കുകയും, അവരുടെ സാക്ഷ്യത്തിലൂടെ 'സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ള ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം' രക്ഷിക്കപ്പെടുകയും ചെയ്യും (വെളി. 7). ഇവരിൽ പലരും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളാകും. യേശു ഭൂമിയിലേക്ക് മടങ്ങിവന്നതിനു ശേഷം അവർ പുനരുത്ഥാനം പ്രാപിക്കും (വെളി. 20:4).

മഹോപദ്രവത്തിന്റെ ആദ്യ പകുതിയിൽ എതിർക്രിസ്തു അധികാരത്തിലേക്ക് ഉയരും. അവനെ പിശാച് ബാധിക്കുയും ശക്തിപ്പെടുത്തുകയും ചെയ്യും. ഏഴു വർഷത്തെ പീഡനത്തിന്റെ പകുതിയാകുമ്പോൾ, അവൻ ഒരു വ്യാജ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോകും; ഇത് ആളുകൾ അവനെ ദൈവമായി ആരാധിക്കാൻ കാരണമാകും. കള്ളപ്രവാചകൻ അമാനുഷിക അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ ഒരു പ്രതിമ സ്ഥാപിക്കുകയും ചെയ്യും; അതിനെ

ആരാധിക്കാൻ ആളുകളോട് ആവശ്യപ്പെടും. അവന് കീഴടങ്ങുന്നവർക്ക് അവൻ 'മൃഗത്തിന്റെ മുദ്ര' നൽകും. ഇത് മിക്കവാറും അംഗുലീ തിരിച്ചറിയലായും (Digital ID) സെൻട്രൽ ബാങ്കിന്റെ അംഗുലീ നാണയവുമായും (CB-DC) ബന്ധപ്പെട്ട ഒരു സംഖ്യയായിരിക്കും (666). ഇത് ഉള്ളവർക്ക് മാത്രമേ വാങ്ങാനും വിൽക്കാനും സാധിക്കുകയുള്ളൂ. സാങ്കേതിക വിദ്യയിലും ധനകാര്യമേഖലയിലുമുള്ള ഇന്നത്തെ വികസനവും ഈ സംവിധാനം നിലവിൽ വരുന്നതിനായി വഴി ഒരുക്കുകയാണ്. പ്രതിമയെ ആരാധിക്കാൻ വിസമ്മതിക്കുന്നവർക്ക് ഈ സംഖ്യ ലഭിക്കില്ല, അതിനാൽ അവർക്ക് വാങ്ങാനോ വിൽക്കാനോ കഴിയില്ല. വെളിപ്പാട് 13-ാം അധ്യായത്തിൽ ഇതിനെക്കുറിച്ച് നിങ്ങൾക്ക് വായിക്കാം.

മൃഗത്തിന്റെ പ്രതിമ സ്ഥാപിക്കുന്നത് ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധി വീഴുവാൻ കാരണമാകും. മുദ്ര സ്വീകരിക്കുന്നവർ എന്നേക്കുമായി ശിക്ഷിക്കപ്പെടും. ഈ കഷ്ടകാലത്താണ് നിങ്ങൾ ഇത് വായിക്കുന്നതെങ്കിൽ, ആ മുദ്ര ഒരിക്കലും സ്വീകരിക്കരുത് എന്ന് ഓർക്കുക. മൃഗത്തിന്റെ മുദ്ര സ്വീകരിച്ച് നരകത്തിൽ പോകുന്നതിനേക്കാൾ നല്ലത് യേശുവിൽ വിശ്വസിക്കുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്യുന്നതാണ്. ഒടുവിൽ, സാത്താൻ ജാതികളെ ഹർമ്മഗെദ്ദോൻ എന്ന യുദ്ധത്തിനായി ഒരുമിച്ചുകൂട്ടും. യിസ്രായേലിൽ വെച്ച് നടക്കുന്ന ഈ അവസാന യുദ്ധം യേശുവിനെ ഭൂമിയിലേക്ക് തിരികെ കൊണ്ടുവരും (വെളി. 16:12-19). യേശു അപ്പോൾ രാജാധിരാജാവായും കർത്താധികർത്താവായും മടങ്ങിവരും. അവിടുന്ന് മൃഗത്തിന്റെയും കള്ള പ്രവാചകന്റെയും സൈന്യങ്ങളെ പൂർണ്ണമായി പരാജയപ്പെടുത്തും; അവർ പിന്നീട് നരകത്തിൽ എറിയപ്പെടും. സാത്താനെ 1000 വർഷത്തേക്ക് അഗാധത്തിൽ ബന്ധിക്കും; ആ കാലയളവിൽ ജാതികളെ വഞ്ചിക്കാൻ അവന് കഴിയില്ല (വെളി. 20:1-3).

## ഉത്പ്രാപണം എന്ന വിഷയം

രണ്ടാം വരവിനെക്കുറിച്ചുള്ള വിഷയം പല സഭകളും ഒഴിവാക്കാൻ ആഗ്രഹിക്കുന്നതിന്റെ ഒരു കാരണം, അത് തിരുവെഴുത്തുകളുടെ വിവിധ വ്യാഖ്യാനങ്ങളെച്ചൊല്ലി വിഭജനം ഉണ്ടാക്കാം; പ്രത്യേകിച്ച് ഉൽപ്രാപണം എന്ന് വിളിക്കപ്പെടുന്ന സംഭവത്തിന്റെ സമയത്തെക്കുറിച്ചുള്ള തർക്കങ്ങൾ.

ലോകത്തിൽ നിന്ന് പെട്ടെന്ന് ഒരു വലിയ കൂട്ടം ആളുകൾ മാറ്റപ്പെടുന്ന ഒരു ദിവസം വരുന്നുണ്ടെന്ന് യേശു പറഞ്ഞിട്ടുണ്ട്:

***'ആ രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒന്നിച്ചു പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും (രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും)' എന്നു ഞാൻ നിങ്ങളോടു പറയുന്നു'*** (ലൂക്കൊ. 17:34-36).

യേശു ഈ സംഭവത്തെ, മഹാപ്രളയം വന്ന നോഹയുടെ കാലത്തോടും, ദൈവം സൊദോം-ഗൊമോറ പട്ടണങ്ങളെ നശിപ്പിച്ച ലോത്തിന്റെ കാലത്തോടും ഉപമിക്കുന്നു. ഈ രണ്ട് സംഭവങ്ങളും മനുഷ്യർ തിന്നുകയും കുടിക്കുകയും, വാങ്ങുകയും വിൽക്കുകയും, വീടുപണിയുകയും, കൃഷിയും ഒക്കെയായി സാധാരണ ജീവിതം നയിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്നാണ് സംഭവിച്ചത്. അന്ന് ദൈവം തന്റെ ജനമായ നോഹയെയും കുടുംബത്തെയും, അതുപോലെ ലോത്തിനെയും കുടുംബാംഗങ്ങളെയും രക്ഷിച്ചു. ഈ സമയത്തും അങ്ങനെ തന്നെയായിരിക്കും. ജീവിതം സാധാരണപോലെ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കെ, പെട്ടെന്ന് ദൈവം തന്റെ ജനത്തെ ഈ ലോകത്തിൽ നിന്ന് മാറ്റും.

1 തെസ്സലൊനീക്യർ 4:16-17-വരെ പൗലൊസ് അത് വിവരിക്കുന്നു ***'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.'***

സഭയുടെ ഉൽപ്രാപണത്തിൽ എടുക്കപ്പെടുന്നവരും, പെന്തെക്കോസ്ത് നാൾ മുതൽ ഉൽപ്രാപണം വരെയുള്ള കാലയളവിൽ ക്രിസ്തുവിൽ മരിച്ചവരും, മഹത്ത്വീകരിക്കപ്പെട്ട ശരീരങ്ങളോടെ യേശു ക്രിസ്തുവിനോടൊപ്പം മടങ്ങിവരും. യേശു ഭൂമിയിൽ വാഴുന്ന സഹസ്രാബ്ദ രാജ്യത്തിലെ മഹത്തായ കാലഘട്ടത്തിൽ അവർ പങ്കാളികളാവുകയും, പിന്നീട് പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും എന്നെന്നേക്കുമായി ജീവിക്കുകയും ചെയ്യും.

## എപ്പോഴാണ് ഉൽപ്രാപണം സംഭവിക്കുന്നത്?

ഈ തിരുവെഴുത്തുകൾ വിശ്വസിക്കുന്നവർക്കിടയിൽ, ഏഴുവർഷത്തെ മഹോപദ്രവ കാലത്തിന് മുമ്പോ, മധ്യത്തിലോ, അതോ അവസാനത്തിൽ ആണോ ഉൽപ്രാപണം നടക്കുന്നത് എന്ന കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. മഹോപദ്രവകാലത്തിന് മുമ്പ് ഉൽപ്രാപണം സംഭവിക്കുമെന്നതാണ് ഒരു കാഴ്ചപ്പാട്. മഹോപദ്രവം എന്നത് ഭൂമിയിൽ ദൈവത്തിന്റെ ക്രോധം ചൊരിയപ്പെടുന്ന സമയമാണ്, വിശ്വാസികൾ ആ ക്രോധത്തിൽ നിന്ന് രക്ഷിക്കപ്പെടും. യേശുവിൽ വിശ്വസിക്കുന്നവർ ഈ കാലഘട്ടത്തിൽ നിന്ന് വിടുവിക്കപ്പെടും. ഈ വീക്ഷണമുള്ളവർ ചൂണ്ടിക്കാണിക്കുന്നത്, പ്രവചനങ്ങൾ അനുസരിച്ച് ഈ സംഭവം എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന ഒന്നാണ് എന്നത്രേ; എന്നാൽ മഹോപദ്രവകാലത്തിന്റെ അവസാനത്തിലാണ് ഇത് സംഭവിക്കുന്നതെങ്കിൽ അങ്ങനെ പറയാൻ കഴിയില്ല. മഹോപദ്രവ മധ്യ വീക്ഷണം അനുസരിച്ച്, ഏഴുവർഷത്തെ മഹോപദ്രവ കാലത്തിന്റെ പകുതിയിൽ, അതായത് എതിർ ക്രിസ്തു അധികാരം പ്രാപിച്ച് മൂന്നര വർഷത്തിന് ശേഷം ഉൽപ്രാപണം നടക്കും. എന്നാൽ മഹോപദ്രവകാലത്തിന് ശേഷം എന്ന വീക്ഷണം വിശ്വസിക്കുന്നത്, ക്രിസ്തുവിന്റെ രണ്ടാം വരവിനോടൊപ്പം തന്നെയാണ് ഉൽപ്രാപണവും നടക്കുന്നത് എന്നും, വെളിപ്പാട് പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന മഹോപദ്രവ സംഭവങ്ങളിലൂടെ സഭ കടന്നുപോകുമെന്നുമാണ്.

## സഹസ്രാബ്ദ ഭരണവും, പുതിയ ആകാശവും പുതിയ ഭൂമിയും

യേശു ഭൂമിയിലേക്ക് മടങ്ങിവരുമ്പോൾ വെളിപ്പാട് 11:15-ലെ ഈ വചനങ്ങൾ നിവർത്തിക്കപ്പെടും: ***'ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും.'***

ഇത്തവണ യേശു ദൈവത്തിന്റെ സകല അധികാരത്തോടും കൂടി രാജാധിരാജാവായി നേരിട്ട് മടങ്ങിവരും. സഹസ്രാബ്ദ വാഴ്ച്ച അല്ലെങ്കിൽ മശിഹാ രാജ്യം എന്ന് അറിയപ്പെടുന്ന അത്ഭുതകരമായ കാലഘട്ടത്തിൽ, പുനഃസ്ഥാപിക്കപ്പെട്ട യെരൂശലേമിൽ ഇരുന്ന് അവിടുന്ന് 1000 വർഷം ലോകത്തെ ഭരിക്കും. സാത്താൻ 'അഗാധത്തിൽ' ബന്ധിക്കപ്പെടുകയും ജനങ്ങളെ സ്വാധീനിക്കാൻ അവന് കഴിയാതെ വരികയും ചെയ്യും (വെളി. 20:1-3). ഈ യുഗം

യുദ്ധങ്ങളിൽ നിന്നും ആധുനിക ജീവിതത്തിന്റെയും സാങ്കേതിക വിദ്യയുടെയും ദോഷവശങ്ങളിൽ നിന്നും മുക്തമായിരിക്കും. കർത്താവിന്റെ സാന്നിധ്യത്തിൽ സമാധാനപരമായ സമൂഹങ്ങളിൽ മനുഷ്യർ ജീവിക്കും. തിന്മ നിയന്ത്രിക്കപ്പെടുകയും എല്ലാവർക്കും സമൃദ്ധി ഉണ്ടാവുകയും ചെയ്യും. ഇത് എബ്രായ പ്രവാചകന്മാരുടെ ദർശനങ്ങളുടെ പൂർത്തീകരണമായിരിക്കും:

***'അനേകവംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും... അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല'*** (യെശ. 2:3–4). ***'സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല'*** (യെശ. 11: 9).

സഹസ്രാബ്ദ വാഴ്ചയുടെ അവസാനം സാത്താൻ അൽപ്പകാലത്തേക്ക് അഴിച്ചുവിടപ്പെടും. സഹസ്രാബ്ദ കാലയളവിൽ ജനിച്ചവരിൽ യേശുവിനെ തള്ളിക്കളയുന്നവരെയും അവന്റെ ഭരണത്തിന് കീഴിൽ ജീവിക്കാൻ ആഗ്രഹിക്കാത്തവരെയും അവൻ ഒരുമിച്ചുകൂട്ടും. സാത്താന്റെ ഈ അവസാന കലാപത്തെ യേശു വേഗത്തിൽ അടിച്ചമർത്തുകയും അവനെ നരകത്തിലേക്ക് എറിയുകയും ചെയ്യും. തുടർന്ന് വലിയ വെള്ളസിംഹാസനത്തിന് മുൻപാകെയുള്ള അന്ത്യന്യായവിധി നടക്കും: 'ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.'

ഇതോടെ ഈ ലോകത്തിന് അവസാനമാകും. നരകത്തിൽ നഷ്ടപ്പെട്ടവരും സ്വർഗ്ഗത്തിൽ രക്ഷിക്കപ്പെട്ടവരും തമ്മിലുള്ള ശാശ്വതമായ വേർതിരിവ് മുദ്രവയ്ക്കപ്പെടും. 'ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല' (വെളി. 21:1).

അതുകൊണ്ട് കർത്താവിന്റെ മടങ്ങിവരവിനായി ഇപ്പോൾ തന്നെ ഒരുങ്ങിയിരിക്കുക. ഈ ലോകത്തിൽ എന്ത് തന്നെ സംഭവിച്ചാലും, നിങ്ങൾ തല ഉയർത്തി നോക്കുവിൻ; കാരണം നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു.

***'സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു'*** (തീത്തോ. 2:11–14.16). *

ഈ പ്രസിദ്ധീകരണത്തിനു വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാദാനങ്ങൾ സ്വീകരിക്കും.

# ഗൾഫ് യുദ്ധത്തെക്കുറിച്ചുള്ള ചിന്തകൾ

## പേർഷ്യയിലെ പ്രഭു



ഗൾഫ് യുദ്ധത്തിന് പിന്നിൽ പ്രവർത്തിക്കുന്ന ചില രാഷ്ട്രീയ ശക്തികളെക്കുറിച്ചും, ഈ യുദ്ധത്തിന്റെ ഗതിയെക്കുറിച്ചും ഈ ലേഖനത്തിൽ നാം പരിശോധിക്കും. മാർച്ച് 28-ന് എഴുതിയ ഈ ലേഖനം ആ സമയം വരെയുള്ള വിവരങ്ങൾ വെച്ച് കൃത്യമാണ്; എന്നാൽ യുദ്ധത്തിന്റെ സാഹചര്യമായതുകൊണ്ട് കാര്യങ്ങൾ അതിവേഗം മാറിമറിയാമെന്ന് വായനക്കാർ ഓർക്കുക. പേർഷ്യയും (ഇറാൻ) യിസ്രായേലും ഉൾപ്പെട്ട ബൈബിൾ പ്രവചനങ്ങളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇതിനോടകം തന്നെ സംഭവിച്ചു തുടങ്ങിയിട്ടുണ്ട്, അത് നാം ഈ ലേഖനത്തിൽ പരിശോധിക്കും.

### ഇറാൻ വിപ്ലവത്തിന്റെ പിന്നിലെ കാരണങ്ങൾ എന്തൊക്കെയാണ്?

1979-ലെ ഇസ്ലാമിക വിപ്ലവത്തിന്റെ വേരുകൾ കിടക്കുന്നത് 1953-ൽ ഇറാന്റെ പ്രധാനമന്ത്രിയായിരുന്ന മുഹമ്മദ് മൊസാദെക്കിനെ പുറത്താക്കിയതിലാണ്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ പിന്തുണയോടെ സി.ഐ.എ ആസൂത്രണം ചെയ്ത ഒരു അട്ടിമറിയിലൂടെയായിരുന്നു ഇത് നടന്നത്. ഇറാന്റെ എണ്ണ ഓഹരികളിൽ ഈ രാജ്യങ്ങൾക്ക് വലിയ നിയന്ത്രണമുണ്ടായിരുന്നു. 1953-ലെ ഈ സംഭവത്തിന് ശേഷം, പാശ്ചാത്യ രാജ്യങ്ങളുടെ പിന്തുണയോടെ ഷാ റേസ പഹ്ലവി ഇറാൻ ഭരിക്കാൻ തുടങ്ങി. ഇറാന്റെ എണ്ണസമ്പത്ത് ഉപയോഗിച്ച അദ്ദേഹം സമൃദ്ധിയുള്ളതും സാമൂഹികമായി പുരോഗമനപരമായതുമായ ഒരു സമൂഹം കെട്ടിപ്പടുത്തു. ഷായുടെ വെള്ള (white) വിപ്ലവത്തിന് കീഴിൽ സ്ത്രീകൾക്ക് വോട്ടവകാശവും വിദ്യാഭ്യാസവും നിയമപരമായ അവകാശങ്ങളും ലഭിച്ചു. അതോടൊപ്പം പാശ്ചാത്യ രീതിയിലുള്ള വസ്ത്രധാരണവും, ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചുള്ള വിദ്യാഭ്യാസവും, മതേതരത്വവും പ്രോത്സാഹിപ്പിക്കപ്പെട്ടു. ടെഹ്റാനിലെ രാത്രി ജീവിതവും സിനിമകളും പാശ്ചാത്യ മോടിയും ഒരു ആധുനിക മതേതര പ്രതിച്ഛായ സൃഷ്ടിച്ചു.

എന്നാൽ യാഥാസ്ഥിതികരായ മുസ്ലീം വിഭാഗങ്ങൾ ഇതിനെ എതിർത്തു.

പല മുസ്ലീങ്ങളും അവരുടെ വിശ്വാസത്തിൽ അത്ര കർക്കശക്കാരല്ലായിരുന്നു. ഷായുടെ ഭരണത്തിന് കീഴിൽ മതന്യൂനപക്ഷങ്ങളോട് പൊതുവെ സഹിഷ്ണുത പുലർത്തിയിരുന്നു. യെഹൂദന്മാരും ക്രിസ്ത്യാനികളും സൊരോവാസ്ട്രിയൻ മതവിശ്വാസികളും സമാധാനത്തോടെ ജീവിക്കുകയും ഉന്നത സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തു. ഇറാൻ യിസ്രായേലുമായി വളരെയടുത്ത, എന്നാൽ പലപ്പോഴും രഹസ്യവുമായ ഒരു സഖ്യം പുലർത്തിയിരുന്നു; സാമ്പത്തിക, സൈനിക, സുരക്ഷാ മേഖലകളിൽ ഇറാൻ യിസ്രായേലുമായി സഹകരിക്കുകയും അവർക്ക് എണ്ണ വിതരണം ചെയ്യുകയും ചെയ്തു.

സാമൂഹികമായ ഉദാരവൽക്കരണം ഉണ്ടായിരുന്നിട്ടും, ഷായുടെ ഭരണം രാഷ്ട്രീയമായി ഏകാധിപത്യ സ്വഭാവമുള്ളതായിരുന്നു. സവാക് എന്ന രഹസ്യപ്പോലീസിനെ ഉപയോഗിച്ച് അദ്ദേഹം ജനങ്ങളെ നിരീക്ഷിക്കുകയും വിമത പ്രവർത്തനത്തെ അടിച്ചമർത്തുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ പതനത്തിന് ഒരു കാരണമായി മാറി. 1979-ലെ വിപ്ലവത്തിന് മുൻപുള്ള പതിറ്റാണ്ടുകളിൽ പാശ്ചാത്യശക്തികൾ, പ്രത്യേകിച്ച് അമേരിക്കയും ബ്രിട്ടനും തങ്ങളെ ചൂഷണം ചെയ്യുന്നതായി പല ഇറാനികളും വിശ്വസിച്ചു. ജനങ്ങളുടെ താൽപ്പര്യത്തേക്കാൾ പാശ്ചാത്യ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന ഒരു 'പാവ' ഭരണാധികാരിയാണ് ഷാ എന്ന ചിന്ത ജനങ്ങൾക്കിടയിൽ ശക്തമായ വിദ്വേഷത്തിന് കാരണമായി.

മതേതര ഇടതുപക്ഷക്കാർ മുതൽ മതപരമായ യാഥാസ്ഥിതികർ വരെയുള്ള വൈവിധ്യമാർന്ന ഒരു കൂട്ടായ്മയാണ് 1979-ലെ ഇറാൻ വിപ്ലവത്തെ പിന്തുണച്ചത്. ഷായുടെ ഭരണവും പാശ്ചാത്യ സ്വാധീനവും അവസാനിപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഷിയാ പുരോഹിതന്മാർ, സാധാരണ ജനങ്ങൾ, സർവകലാശാലാ വിദ്യാർത്ഥികൾ, കമ്പോളത്തിലെ വ്യാപാരികൾ എന്നിവരെല്ലാം ആയത്തൊള്ള ഖൊമേനിയുടെ നേതൃത്വത്തിൽ അണിനിരന്നു. ഷായ്ക്കെതിരെയുള്ള അവസാനഘട്ട പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റുകളും ഇടതുപക്ഷ സംഘടനകളും പ്രധാന പങ്ക് വഹിച്ചെങ്കിലും, അധികാരം പിടിച്ചെടുക്കുന്നതിൽ അവർ പരാജയപ്പെട്ടു. പിന്നീട് ഖൊമേനിയുടെ ഇസ്ലാമിക ഭരണകൂടം ഇവരെ ക്രൂരമായി വേട്ടയാടുകയും പുറത്താക്കുകയും ചെയ്തു.

വിപ്ലവത്തിന് ശേഷം ഖൊമേനി ഇറാനിൽ ഇസ്ലാമിന്റെ കർക്കശമായ ഒരു പതിപ്പ് നടപ്പിലാക്കി. യിസ്രായേലിനോടും പാശ്ചാത്യ രാജ്യങ്ങളോടുമുള്ള കടുത്ത വിദ്വേഷമായിരുന്നു ഇതിന്റെ അടിസ്ഥാനം. 'ട്വൽവർ ഷിയ ഇസ്ലാം' എന്നറിയപ്പെടുന്ന ഷിയാ ഇസ്ലാമിന്റെ തീവ്രരൂപത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം അധിഷ്ഠിതമായിരുന്നത്. ഈ വിശ്വാസമനുസരിച്ച്, മുഹമ്മദ് നബിക്ക് ശേഷമുള്ള പന്ത്രണ്ട് പിൻഗാമികളിൽ അവസാനത്തെ ദിവ്യനിയുക്ത നേതാവാണ് (ഇമാം) പന്ത്രണ്ടാമത്തെ ഇമാം. മുഹമ്മദ് അൽ-മഹ്ദി എന്ന പന്ത്രണ്ടാമത്തെ ഇമാം എ.ഡി 869-ൽ ജനിച്ചുവെന്നും അദ്ദേഹം മരിച്ചിട്ടില്ലെന്നും ഇവർ വിശ്വസിക്കുന്നു. ഇറാഖിലെ സമാറയിൽ അദ്ദേഹം അപ്രത്യക്ഷനായി ഒളിവിൽ പോയി എന്നാണ് വിശ്വാസം, ഇതിനെ ഗ്രസനം എന്ന് വിളിക്കുന്നു. അദ്ദേഹം വല്ലപ്പോഴും ഭക്തർക്ക് ദർശനങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടെന്നും, നീതിയും സമാധാനവും പുനഃസ്ഥാപിക്കുന്നതിനായി 'മഹ്ദി' എന്ന രക്ഷകനായി അദ്ദേഹം നേരിട്ട് മടങ്ങിവരുമെന്നും ഇവർ വിശ്വസിക്കുന്നു. ലോകം അക്രമം കൊണ്ട് നിറയുമ്പോൾ അദ്ദേഹം ഈസാ നബിയോടൊപ്പം (മുസ്ലീങ്ങൾ വിശ്വസിക്കുന്ന യേശു) പ്രത്യ

ക്ഷപ്പെടുകയും ദജ്ജാൽ, ഇസ്‌ലാമിക വിശ്വാസപ്രകാരമുള്ള എതിർ ക്രിസ്തു എന്നറിയപ്പെടുന്ന ശക്തിയെ പരാജയപ്പെടുത്തുകയും ചെയ്യും.

ആയത്തൊള്ള ഖൊമേനിയുടെ ആശയമായ 'ഇസ്ലാമിക വിപ്ലവത്തിന്റെ പ്രചാരണം' മുസ്ലിം രാജ്യങ്ങളിലും ലോകത്തെമ്പാടും 1979-ലെ ദൈവശാസ്ത്ര മാതൃക പ്രചരിപ്പിക്കാൻ ലക്ഷ്യമിട്ടു. അത് അവരെ ആത്യന്തികമായി ഒരു ആഗോള ഇസ്ലാമിക രാഷ്ട്രമായി യോജിപ്പിക്കും. ഇസ്‌ലാമിക ലോകത്തു നിന്ന് പാശ്ചാത്യ സ്വാധീനം തുരത്താനും അതിനായി ശ്രമിക്കുന്ന 'മർദ്ദിത' സംഘങ്ങളെ സഹായിക്കാനും അദ്ദേഹം ആഗ്രഹിച്ചു. യിസ്രായേലിനെ ഇസ്‌ലാമിക ലോകത്തെ അനഭിതമായ ഒന്നായി കണ്ട അദ്ദേഹം അതിനെ നശിപ്പിക്കണമെന്നും, ഇതിനോട് യോജിക്കുന്ന അറബ് ശക്തികളുമായി സഖ്യമുണ്ടാക്കണമെന്നും വാദിച്ചു.

എങ്കിലും ഒരു വലിയ തടസ്സം ഉണ്ടായിരുന്നു; ഇറാൻ ഒരു ഷിയാ ഭൂരിപക്ഷ രാജ്യമാണ്, എന്നാൽ മുസ്ലീം ലോകത്തെ ഭൂരിഭാഗവും സുന്നി വിശ്വാസികളാണ്. അവർ 'ട്വൽവർ ഷിയ' വിശ്വാസത്തെ അംഗീകരിക്കുന്നില്ല. എങ്കിലും യിസ്രായേലിനെയും അമേരിക്കയെയും നീക്കം ചെയ്യുക എന്ന ആശയം സുന്നി ലോകത്തെ തീവ്രവാദ സംഘടനകളെയും ആകർഷിച്ചു. ഇസ്ലാമിക ഖാലിഫേറ്റിലൂടെ മുസ്ലിം ഭരണം ലക്ഷ്യമിട്ട ഇസ്ലാമിക സംഘങ്ങളെ സ്വാധീനിച്ചു. ഈജിപ്തിൽ ഉത്ഭവിച്ച മുസ്ലീം സാഹോദര്യം പോലുള്ള സുന്നി സംഘടനകളാണ് ഇതിൽ മുന്നിൽ നിന്നത്.

ഇറാന്റെ ആക്രമണങ്ങളുടെ പ്രധാന ഇര യിസ്രായേലാണ്. ഗാസ, ലെബനൻ, യമൻ എന്നിവിടങ്ങളിലെ ഇറാൻ പിന്തുണയുള്ള തീവ്രവാദികളിൽ നിന്നുള്ള മിസൈൽ ആക്രമണങ്ങൾ യിസ്രായേൽ നേരിടുന്നു. 2023 ഒക്ടോബർ 7-ന് ഇറാന്റെ പിന്തുണയോടെ ഹമാസ് നടത്തിയ കൂട്ടക്കൊലയാണ് നിലവിലെ യുദ്ധത്തിന്റെ തുടക്കമായത്. സാധാരണ പൗരന്മാരുടെ മരണം പരമാവധി ഒഴിവാക്കാൻ യിസ്രായേൽ പ്രതിരോധ സേന ശ്രമിച്ചിരുന്നുവെങ്കിലും തീവ്രവാദികളെ വിജയകരമായി പ്രതിരോധിക്കുന്നതിനിടയിൽ, ദൗർഭാഗ്യവശാൽ ഗാസയിലും ലെബനനിലും വലിയ തോതിലുള്ള നാശനഷ്ടങ്ങളും മരണങ്ങളും സംഭവിച്ചു;

ഇത് ലോകമെമ്പാടും ജൂത രാഷ്ട്രത്തിനെതിരെയുള്ള പ്രതിഷേധങ്ങൾ വർദ്ധിപ്പിച്ചു. പാശ്ചാത്യ നഗരങ്ങളിൽ 'നദി' മുതൽ 'കടൽ' വരെ പലസ്തീൻ സ്വതന്ത്രമാകും' എന്ന മുദ്രാവാക്യവും, 'ഇന്റിഫാഡായെ യിസ്രായേലിനെ കുടഞ്ഞുകളയുന്ന മുന്നേറ്റത്തിനെ ആഗോളവൽക്കരിക്കുക' എന്ന ആഹ്വാനവും യിസ്രായേൽ വിരുദ്ധരുടെ പ്രധാന മുദ്രാവാക്യങ്ങളായി മാറി. ഈ വാക്കുകളുടെ അർത്ഥം മനസ്സിലാക്കുന്നവർക്ക്, ഇത് യിസ്രായേലിനെ മാറ്റി അവിടെ ഒരു പലസ്തീൻ രാഷ്ട്രം സ്ഥാപിക്കാനുള്ള ആഹ്വാനമാണെന്ന് വ്യക്തമാകും. പലസ്തീൻ ഉടമ്പടി പ്രകാരം, അത്തരം ഒരു രാഷ്ട്രത്തിൽ നിന്ന് ജൂതന്മാരെ പുറത്താക്കുകയോ അല്ലെങ്കിൽ അവർ മുസ്ലീം ഭരണത്തിന് കീഴിലാവുകയോ ചെയ്യും എന്നതാണ് ഇതിന്റെ അർത്ഥം.

## ഇപ്പോഴത്തെ പ്രതിസന്ധി

2025 നവംബർ 23-ന് ഇറാൻ പ്രസിഡന്റ് പെസെഷ്കിയാൻ രാജ്യത്ത് ജലക്ഷാമം നേരിടുന്നു എന്ന് പ്രഖ്യാപിച്ചതോടെയാണ് നിലവിലെ പ്രതിസന്ധി ആരംഭിച്ചത്. ഗണ്യമായ മഴ ലഭിച്ചില്ലെങ്കിൽ ടെഹ്റാൻ ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങൾ ഒഴിപ്പിക്കേണ്ടി വരുമെന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥ വ്യതിയാനം, കടുത്ത ചൂട്, കഴിഞ്ഞ വർഷത്തെ കുറഞ്ഞ മഴ എന്നിവ ജലക്ഷാമത്തിന് കാരണമാണെങ്കിലും, സർക്കാരിന്റെയും വിപ്ലവ

സേനകളുടെയും ഭാഗത്തുനിന്നുണ്ടായ കടുത്ത കെടുകാര്യസ്ഥതയാണ് പ്രധാന കാരണം. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് അണക്കെട്ട് നിർമ്മാണം, നദി തിരിച്ചുവിടൽ, അമിതമായ ഭൂഗർഭജല ചൂഷണം തുടങ്ങിയ സുസ്ഥിരമല്ലാത്ത വലിയ പദ്ധതികൾ നടപ്പിലാക്കിയതിൽ അവർ കുറ്റപ്പെടുത്തപ്പെടുന്നു.

സമ്പദ്‌വ്യവസ്ഥ വലിയ പ്രതിസന്ധിയിലാണ്; ഇറാനിയൻ റിയാൽ ഒരു ഡോളറിന് 1.5 ദശലക്ഷം എന്ന നിലയിലേക്ക് താഴ്ന്നത് ബിസിനസ്സ് മേഖലയെയും വ്യാപാരത്തെയും തകർത്തു. ഭൂരിഭാഗം ഇറാനികളും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ, ഭരണവർഗ്ഗം വലിയ സമ്പന്നരായി മാറുകയാണ് ചെയ്തത്. നിലവിലെ പരമോന്നത നേതാവും അന്തരിച്ച ആയത്തൊള്ളയുടെ മകനുമായ മൊജ്തബ ഖമേനിക്ക് ലണ്ടനിലെ ഏറ്റവും വിലകൂടിയ സ്ഥലങ്ങളിൽ ഏകദേശം 150 ദശലക്ഷം ഡോളർ മൂല്യമുള്ള സ്വത്തുക്കളുണ്ട്.

ഇത് 2026 ജനുവരിയിൽ ആരംഭിച്ച ജനകീയ പ്രക്ഷോഭത്തിലേക്ക് നയിച്ചു. പ്രതിഷേധക്കാർ തെരുവിലിറങ്ങുകയും കുറച്ചുകാലത്തേക്ക് പ്രധാന നഗരങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുകയും ഇസ്ലാമിക ഭരണകൂടത്തിന്റെ അന്ത്യം ആവശ്യപ്പെടുകയും ചെയ്തു. ഇതിനോട് അതിക്രൂരമായ അക്രമത്തിലൂടെയാണ് ഭരണകൂടം പ്രതികരിച്ചത്. ഏകദേശം 30,000-ത്തോളം പേർ കൊല്ലപ്പെടുകയും, ഇറാൻ അവരുടെ ബാസിജ് സായുധ സംഘത്തെയും വിപ്ലവ ഗാർഡുകളെയും ഉപയോഗിച്ച് ഭീകരത അഴിച്ചുവിട്ട് വിമതശബ്ദത്തെ അടിച്ചമർത്തുകയും ചെയ്തു. സാധാരണ സൈന്യത്തിൽ നിന്നും പോലീസിൽ നിന്നും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഇവർ, ആയത്തൊള്ളയുടെയും അദ്ദേഹത്തിന്റെ അനുയായികളുടെയും ഇഷ്ടം നടപ്പിലാക്കുന്ന ഒരു തരം മതപരമായ ഫാസിസ്റ്റ് ഭീകര സംഘടനയാണ്.

അമേരിക്കൻ പ്രസിഡന്റ് ട്രംപ് ഇറാനിലെ സർക്കാർ വിരുദ്ധ പ്രതിഷേധക്കാരോട് 'പ്രതിഷേധം തുടരാൻ' ആഹ്വാനം ചെയ്യുകയും 'സഹായം ഉടൻ എത്തും' എന്ന് പറയുകയും ചെയ്തു. ഭരണകൂടത്തെ അട്ടിമറിക്കാൻ യിസ്രായേൽ പ്രസിഡന്റ് നെതന്യാഹുവും ഇറാനികളോട് ആവശ്യപ്പെട്ടു. 2026 ഫെബ്രുവരി 28-ന്, ഇറാന്റെ ആണവ പദ്ധതികളും മിസൈൽ ഉൽപ്പാദനവും അവസാനിപ്പിക്കാനും മേഖലയിലെ യിസ്രായേൽ വിരുദ്ധ ഗ്രൂപ്പുകൾക്ക് പണവും ആയുധവും നൽകു



ന്നത് തടയാനുമായി 'ഐതിഹാസിക ക്രോധം' (Epic fury) എന്ന പേരിൽ അമേരിക്കയും യിസ്രായേലും സംയുക്ത സൈനിക നീക്കം ആരംഭിച്ചതായി പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ചു. ഇറാനിലെ ഭരണമാറ്റം തന്നെയാണ് ഈ നീക്കത്തിന്റെ പ്രധാന ലക്ഷ്യമെന്ന് ട്രംപ് തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. ആക്രമണം ആരംഭിച്ച് 24 മണിക്കൂറിനുള്ളിൽ ഇറാന്റെ പരമോന്നത നേതാവ് അലി ഖമേനിയും അദ്ദേഹത്തിന്റെ മുതിർന്ന സഹായികളും വധിക്കപ്പെടുകയും നിരവധി സൈനിക താവളങ്ങളും സുരക്ഷാ കേന്ദ്രങ്ങളും നശിപ്പിക്കപ്പെടുകയും ചെയ്തു.

മാർച്ച് 14-ന് ട്രംപ് വിജയം പ്രഖ്യാപിച്ചു; ഇറാന്റെ വ്യോമസേനയെയും നാവികസേനയെയും ഭൂഗർഭ മിസൈൽ കേന്ദ്രങ്ങളെയും ആണവ നിലയങ്ങളെയും തകർത്തതായും നേതൃത്വത്തെ ഇല്ലാതാക്കിയതായും അദ്ദേഹം അവകാശപ്പെട്ടു. ഇറാന്റെ നിരുപാധികമായ കീഴടങ്ങലിനായി അദ്ദേഹം നിബന്ധനകൾ മുന്നോട്ടുവെച്ചു. 'അംഗീകൃതമായ' ഒരു പുതിയ നേതൃത്വം വന്നാൽ ഇറാനെ സാമ്പത്തികമായി എന്നത്തേക്കാളും വലുതും ശക്തവുമാക്കാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു.

എന്നാൽ ഭരണകൂടം ഈ നിബന്ധനകൾ നിരസിക്കുകയും യിസ്രായേലിനും ഗൾഫ് അറബ് രാജ്യങ്ങൾക്കും എതിരെ ആക്രമണം നടത്തി തിരിച്ചടിക്കുകയും ഹോർമുസ് കടലിടുക്ക് അടയ്ക്കുകയും ചെയ്തു. ലോകത്തെ ഊർജ്ജ വിതരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പാതകളിലൊന്നാണ് ഹോർമുസ് കടലിടുക്ക്; ലോകത്തെ എണ്ണയുടെ അഞ്ചിലൊന്നും ഈ ഇടുങ്ങിയ പാതയിലൂടെയാണ് കടന്നുപോകുന്നത്. എണ്ണയെയും വാതകത്തെയും മാത്രമല്ല ഇത് ബാധിക്കുന്നത്. ലോകത്തെ രാസവളത്തിന്റെ മൂന്നിലൊന്ന് ഈ കടലിടുക്കിലൂടെയാണ് പോകുന്നത്. കൃഷി ഇറക്കേണ്ട സമയത്ത് ഇതിലുണ്ടാകുന്ന തടസ്സം പല രാജ്യങ്ങളിലെയും ഭക്ഷ്യവിതരണത്തെ ബാധിക്കും. കൂടാതെ അലുമിനിയം, ഹീലിയം തുടങ്ങിയവയുടെയും അർദ്ധവാഹി (Semi conductor) ഉൽപ്പാദനത്തിന് ആവശ്യമായ വസ്തുക്കളുടെയും വിതരണത്തെ ഇത് ബാധിക്കും. ഈ തടസ്സം നീണ്ടുനിന്നാൽ ഊർജ്ജ വില വർദ്ധിക്കുകയും വിതരണ ശൃംഖലകൾ തകരുകയും ചെയ്യുന്നതിലൂടെ ഇത് ഒരു ആഗോള സാമ്പത്തിക മാന്ദ്യത്തിന് കാരണമായിത്തീരും.

## മണലിലെ വീട്

എണ്ണയെ ലോക സമ്പദ്വ്യവസ്ഥയുടെ ജീവരക്തമാക്കുന്നത് എത്രത്തോളം വിവേക ശൂന്യമാണെന്ന് തീർച്ചയായും നമുക്ക് ചോദിക്കാവുന്നതാണ്. 2004-ൽ ഞാൻ എഴുതിയ 'മണലിൻമേൽ പണിത വീട്' (ഇപ്പോൾ അച്ചടിയിലില്ലെങ്കിലും ഓൺലൈനിൽ ലഭ്യമാണ്) എന്ന പുസ്തകത്തിൽ, നിലവിലെ ലോക സാഹചര്യത്തെ ഈ യുഗത്തിന്റെ അവസാനത്തിൽ വരാനിരിക്കുന്ന വലിയ പ്രതിസന്ധിയെക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ ഒന്നാം അധ്യായത്തിൽ ഇപ്രകാരം വായിക്കാം:

***'നീയോ ദാനീയേലേ, അന്ത്യകാലം വരെ ഈ വചനങ്ങളെ അടെച്ചു പുസ്തകത്തിനു മുദ്രയിടുക; പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും'*** (ദാനി. 12:4).

ഏകദേശം 2500 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട ദാനിയേലിന്റെ പ്രവചനങ്ങളിൽ 'അന്ത്യകാലത്തെ' കുറിച്ചുള്ള വിവരങ്ങളുണ്ട്. പഴയ നിയമത്തിൽ 'കർത്താവിന്റെ ദിവസം' എന്നും പുതിയ നിയമത്തിൽ 'ക്രിസ്തുവിന്റെ രണ്ടാം വരവ്' എന്നും അറിയപ്പെടുന്ന സംഭവത്തിന് തൊട്ടുമുമ്പുള്ള അവസാന കാലഘട്ടമാണിത്. യാത്രാ സൗകര്യങ്ങളിലുണ്ടായ വമ്പിച്ച പുരോഗതി

ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി മാറ്റുന്നതിനും, നമ്മുടെ പൂർവ്വികർക്ക് ചിന്തിക്കാൻ പോലും കഴിയാത്ത അത്യാധുനിക യന്ത്രങ്ങളാൽ നമ്മുടെ വീടുകളും കടകളും നിറയുന്ന സാങ്കേതിക വിദ്യയുടെ അവിശ്വസനീയമായ വികാസത്തിനും സാക്ഷ്യം വഹിക്കുന്നതിലൂടെ ദാനിയേലിന്റെ ഈ വാക്കുകൾ നിറവേറുന്നത് നാം കാണുന്നു.

ഇരുന്നൂറ് വർഷങ്ങൾക്ക് മുമ്പ്, റെയിൽവേ വരുന്നതിന് മുമ്പ്, ലോകത്ത് എവിടെയെങ്കിലും പോകാൻ കഴിയുന്ന പരമാവധി വേഗത ഒരു കുതിരയുടെ വേഗതയായിരുന്നു. ലോകത്ത് എവിടെയെങ്കിലും ഒരു സന്ദേശം അയയ്ക്കണമെങ്കിൽ അത് ഒരാൾ കുതിരപ്പുറത്ത് കൊണ്ടുപോകുന്ന വേഗതയിൽ മാത്രമേ സാധിക്കുമായിരുന്നുള്ളൂ. ജൂലിയസ് സീസറിന്റെയും അലക്സാണ്ടർ ചക്രവർത്തിയുടെയും കാലം മുതൽ ചരിത്രത്തിൽ നാം എത്ര പിന്നോട്ട് നോക്കിയാലും ഇതുതന്നെയായിരുന്നു അവസ്ഥ.

ഇന്ന് ഒരു ജെറ്റ് വിമാനത്തിൽ വെറും ഒരു ദിവസത്തിനുള്ളിൽ നിങ്ങൾക്ക് ലോകത്തിന്റെ മറുഭാഗത്തെത്താം. ആയിരക്കണക്കിന് മൈലുകൾ അകലെയുള്ള ഒരാളോട് ഫോണിലൂടെ സംസാരിക്കാനോ ഇമെയിൽ വഴി തൽക്ഷണം ആശയവിനിമയം നടത്താനോ സാധിക്കും. സാങ്കേതികവിദ്യ എത്ര വേഗത്തിലാണ് പുരോഗമിക്കുന്നത് എന്നുവെച്ചാൽ, ഇന്നത്തെ അത്യാധുനിക കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും മറ്റ് ഉപകരണങ്ങളും ഏതാനും വർഷങ്ങൾക്കുള്ളിൽ, ചിലപ്പോൾ മാസങ്ങൾക്കുള്ളിൽ തന്നെ കാലഹരണപ്പെട്ടു പോകും. ഒരു കമ്പ്യൂട്ടർ പ്രവർത്തിച്ച് ഇന്റർനെറ്റ് തുറന്നാൽ, നിങ്ങൾക്ക് അറിയേണ്ട ഏത് കാര്യത്തെക്കുറിച്ചും അനന്തമായ അറിവിന്റെ ഉറവിടത്തിലേക്ക് എത്തിച്ചേരാനാകും.

രണ്ടായിരം വർഷങ്ങൾ എന്നതുപോലെ ഇരുനൂറ് വർഷങ്ങൾക്കും മുമ്പ്, ഭൂരിഭാഗം ആളുകളും തങ്ങൾ ജനിച്ച സ്ഥലത്തുനിന്ന് ദൂരേക്ക് യാത്ര ചെയ്തിരുന്നില്ല. മറ്റ് സംസ്കാരങ്ങളെക്കുറിച്ചോ ആശയങ്ങളെക്കുറിച്ചോ അവർക്ക് കാര്യമായ അറിവുമില്ലായിരുന്നു. യൂറോപ്പിൽ താമസിച്ചിരുന്ന മിക്ക വെള്ളക്കാർക്കും കറുത്ത വർഗ്ഗക്കാരെ പരിചയമില്ലായിരുന്നു, അതുപോലെ ആഫ്രിക്കയിൽ താമസിച്ചിരുന്ന മിക്ക കറുത്ത വർഗ്ഗക്കാരും വെള്ളക്കാരെയും കണ്ടിട്ടുണ്ടായിരുന്നില്ല.

എന്നാൽ ഇന്ന് യാത്രകളും ആശയവിനിമയ സൗകര്യങ്ങളും ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി മാറ്റിയിരിക്കുന്നു. നമ്മുടെ പൂർവ്വികർക്ക് ഒരിക്കലും സങ്കൽപ്പിക്കാൻ കഴിയാത്ത വിധത്തിൽ എല്ലാ വംശജരും ഇന്ന് ജീവിത സാഹചര്യങ്ങളും ആശയങ്ങളും വിനോദങ്ങളും കായികരംഗവും സംഗീതവും മതവും പങ്കിടുന്നു.

രണ്ടായിരം വർഷങ്ങൾ എന്നതുപോലെ ഇരുനൂറ് വർഷങ്ങൾക്കും മുമ്പ്, നിങ്ങൾക്ക് എന്തെങ്കിലും നിർമ്മിക്കാനോ കൃഷി ചെയ്യാനോ യുദ്ധത്തിന് പോകാനോ യാത്ര ചെയ്യാനോ മനുഷ്യന്റെ കഠിനാധ്വാനവും കാള, കുതിര, കഴുത, ഒട്ടകം തുടങ്ങിയ മൃഗങ്ങളുടെ സഹായവും ആവശ്യമായിരുന്നു.

എന്നാൽ ഇന്ന് കൽക്കരി, എണ്ണ, വാതകം, ആണവോർജ്ജം എന്നിവയുടെ കണ്ടുപിടുത്തം അർത്ഥമാക്കുന്നത്, നമ്മുടെ പൂർവ്വികർ മൃഗങ്ങളുടെ സഹായത്തോടെ സ്വന്തം വിയർപ്പൊഴുക്കി ചെയ്തിരുന്ന കഠിനമായ ജോലികൾ ഇന്ന് യന്ത്രങ്ങൾ ചെയ്യും എന്നാണ്. തീവണ്ടികളും കാറുകളും വിമാനങ്ങളും നമ്മെ മണിക്കൂറുകൾക്കുള്ളിൽ എത്തിക്കുന്നത്, മുമ്പ് ആഴ്ചകളോ മാസങ്ങളോ വർഷങ്ങളോ എടുത്താൽ മാത്രം എത്താൻ കഴിയുന്ന സ്ഥലങ്ങളിലേക്കാണ്.

എണ്ണയെ ആശ്രയിച്ച് ഒരു ലോകക്രമം സൃഷ്ടിക്കുന്നത് മണലിൻമേൽ വീട്

പണിയുന്നതിന് തുല്യമാണെന്നതായിരുന്നു എന്റെ പുസ്തകത്തിന്റെ അടിസ്ഥാന പ്രമേയം. ഈ വ്യവസ്ഥിതി നിലനിർത്താൻ ആവശ്യമായ എണ്ണയും വാതകവും തീർന്നുപോകുമ്പോൾ എന്ത് സംഭവിക്കും എന്നതാണ് ചോദ്യം. യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞ വാക്കുകളെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകത്തിന് പേര് നൽകിയിരിക്കുന്നത്.

യേശു പറഞ്ഞു : ***"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു"*** (മത്താ. 7:24-27).

## വരാനിരിക്കുന്ന കൊടുങ്കാറ്റ്

ഇരുപത് വർഷങ്ങൾക്ക് മുമ്പാണ് ഞാൻ 'വരാനിരിക്കുന്ന കൊടുങ്കാറ്റ്' എഴുതിയത്. ഇപ്പോൾ ആ കൊടുങ്കാറ്റ് വരുന്നത് നാം കാണുന്നു. പ്രവചന അധ്യാപകനായ ബ്രിട്ട് ഗില്ലെറ്റ് പറഞ്ഞതുപോലെ, 'ലോകത്തിലുള്ള ഓരോ വ്യക്തിയെയും ബാധിക്കുന്ന, ജീവിതത്തെ മാറ്റിമറിക്കുന്ന പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു മഹാദുരന്തം പശ്ചിമേഷ്യയിൽ വികസിച്ചുകൊണ്ടിരിക്കുന്നത് നാം നോക്കിനിൽക്കുകയാണ്.' അടുത്ത ഒന്നോ രണ്ടോ ആഴ്ചയ്ക്കുള്ളിൽ യുദ്ധം അവസാനിച്ചാൽ പോലും, ചില കാര്യങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു; അവയിൽ ചിലത് പുനഃസ്ഥാപിക്കാൻ കഴിയാത്തതാണ്. ഈ വസ്തുതകൾ ബൈബിൾ പ്രവചനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

1) അന്ത്യകാലത്ത് യുദ്ധങ്ങളുടെയും കലഹങ്ങളുടെയും ഒരു പൊതുവായ അവസ്ഥ ഉണ്ടാകും (മത്താ. 24:7-8). ***'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ.'*** 'ജാതി ജാതിയോടും' എന്ന പ്രയോഗം ഒരു രാജ്യത്തിനകത്തുള്ള യുദ്ധങ്ങളെ സൂചിപ്പിക്കുന്നു (ഗ്രീക്ക് പദമായ 'എത്നോസ്' - ൽ (ethnos) നിന്നാണ് 'എത്നിക്' എന്ന വാക്കുണ്ടായത്). ഇത് വംശം, മതം അല്ലെങ്കിൽ അധികാരത്തിനായി പോരാടുന്ന വിഭാഗങ്ങൾ തമ്മിലുള്ള പോരാട്ടമാകാം. ആഫ്രിക്കയുടെ പല ഭാഗങ്ങളും ഇത്തരം യുദ്ധങ്ങളാൽ ദുരിതമനുഭവിക്കുന്നു; ഇതിൽ ഏറ്റവും മോശമായത് സുഡാൻ യുദ്ധമാണ്. അവിടെ ഏകദേശം 400,000 പേർ കൊല്ലപ്പെടുകയും 25 ദശലക്ഷത്തോളം ആളുകൾ ക്ഷാമത്തിന്റെ പിടിയിലാവുകയും ചെയ്തു. 'രാജ്യം രാജ്യത്തോടും' എന്നത് രാജ്യങ്ങളുടെ കൂട്ടായ്മകൾ തമ്മിലുള്ള സംഘട്ടനത്തെ സൂചിപ്പിക്കുന്നു. ഇറാന്റെ യുദ്ധം അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ ജനാധിപത്യ രാജ്യങ്ങളും, റഷ്യ, ചൈന, ഇറാൻ തുടങ്ങിയ സ്വേച്ഛാധിപത്യ ശക്തികളും തമ്മിലുള്ള ആഗോള സംഘർഷത്തിന്റെ ഭാഗമാണ്. റഷ്യ — ചൈന BRICS സഖ്യം അമേരിക്കൻ സാമ്പത്തിക ആധിപത്യത്തെ വെല്ലുവിളിക്കുന്ന സാമ്പത്തിക വശവും ഈ യുദ്ധത്തിനുണ്ട്.

2) ഈ പൊതുവായ സംഘർഷാവസ്ഥ മഹോപദ്രവ കാലഘട്ടത്തിലേക്ക് നയിക്കും. അന്ന് വെളിപ്പാട് പുസ്തകം ആറാം അധ്യായത്തിൽ പറയുന്ന ലോകാവസാനത്തിലെ നാല് കുതിരകളുടെ മേൽ ഇരിക്കുന്നവർ പുറപ്പെടും. ഇത് എതിർ ക്രിസ്തുവിനെ 'ജയിക്കു

ന്നവനായും ജയിപ്പാൻ പോകുന്നവനായും' കൊണ്ടുവരും, അതിനു പിന്നാലെ യുദ്ധം, ക്ഷാമം, മരണം എന്നിവയുണ്ടാകും. അവസാന യുദ്ധമായ ഹർമ്മഗെദ്ദോൻ യെരൂശലേമിന് വേണ്ടി പോരാടും, അത് യേശുക്രിസ്തുവിന്റെ ശാരീരികമായ മടങ്ങിവരവോടെ അവസാനിക്കും (സെഖ. 14, വെളി. 16, 19). തുടർന്ന് യേശു, മശിഹാ രാജ്യം അല്ലെങ്കിൽ സഹസ്രാബ്ദവാഴ്ച സ്ഥാപിക്കുകയും യുദ്ധത്തിനും അനീതിക്കും അന്ത്യം കുറിക്കുകയും ചെയ്യും (യെശ. 2, വെളി. 20).

3) വരാനിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മുൻകൂട്ടി കണ്ട്, ആഗോളതലത്തിൽ ഒരു പുതിയ സാമ്പത്തിക സംവിധാനത്തിനായി ശ്രമങ്ങൾ നടക്കുന്നു. ഇതിൽ നിർമ്മിതബുദ്ധിയുടെ പിന്തുണയുള്ള അംഗുലീ തിരിച്ചറിയലുകളും സെൻട്രൽ ബാങ്ക് അംഗുലി നാണയവും (CBDC) ഉൾപ്പെടുന്നു. ആളുകളുടെ ഓരോ സാമ്പത്തിക ഇടപാടുകളും നിരീക്ഷിക്കാനും നിയമം ലംഘിക്കുന്നവരെ തടയാനും ഇതിനെ ഉപയോഗിക്കും. ചൈനയിലെ 'സാമൂഹ്യ നിക്ഷേപ തോതു' (Social credit score) വ്യവസ്ഥയിൽ ഇതിന് സമാനമായ ഒന്ന് നിലവിലുണ്ട്. ഇത് വെളിപ്പാട് 13-ലെ പ്രസിദ്ധമായ '666' എന്ന മൃഗത്തിന്റെ മുദ്രയുമായി ബന്ധപ്പെട്ടിരിക്കുന്നു; ഇത് ആളുകളുടെ വാങ്ങുവാനും വിൽക്കാനുമുള്ള കഴിവിനെ നിയന്ത്രിക്കും. ഒടുവിൽ, വെളിപ്പാട് 18-ൽ പ്രവചിച്ചിരിക്കുന്നതുപോലെ, ലോക വ്യാപാര വ്യവസ്ഥയായ 'മഹതിയാം ബാബിലോനിന്റെ' പതനത്തോടെ ഈ സംവിധാനം തകർന്നു വീഴും.

4) അന്ത്യകാലത്തെ പരിസ്ഥിതി ദുരന്തങ്ങളെക്കുറിച്ചും തിരുവെഴുത്തുകൾ സംസാരിക്കുന്നു. സമുദ്രത്തിലെ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതും, കപ്പലുകൾ നശിപ്പിക്കപ്പെടുന്നതും, ജലം കുടിക്കാൻ യോഗ്യമല്ലാതാകുന്നതും ഇതിന്റെ ഭാഗമാണ് (വെളി. 8:8-9). ഈ യുദ്ധത്തിന്റെ കേന്ദ്രബിന്ദു എണ്ണയുടെയും വാതകത്തിന്റെയും നിയന്ത്രണവും ഉപയോഗവുമാണ്. എണ്ണ പരിസ്ഥിതിയെ മലിനമാക്കുന്ന പ്രധാന ഘടകമാണ്. നിരവധി എണ്ണ കപ്പലുകൾ ഈ മേഖലയിൽ കുടുങ്ങിക്കിടക്കുന്ന നിലവിലെ സാഹചര്യത്തെ പരിസ്ഥിതി സംഘടനകൾ 'മരണക്കെണിയായ ഒരു പാരിസ്ഥിതിക ബോംബ്' എന്നാണ് വിശേഷിപ്പിക്കുന്നത്. ഒരു ആക്രമണമോ കപ്പൽ മുങ്ങലോ ഉണ്ടായാൽ ദീർഘകാലം നിലനിൽക്കുന്ന വലിയ നാശനഷ്ടങ്ങൾ സമുദ്ര ആവാസവ്യവസ്ഥയിൽ സംഭവിക്കാം. എണ്ണപ്പാടങ്ങളും അനുബന്ധ സംവിധാനങ്ങളും നശിപ്പിക്കപ്പെടുന്നതും ഈ ദുരന്തത്തിന് ആക്കം കൂട്ടുന്നു.

ഇതിനകം തന്നെ ബഹ്റൈനിലെ ശുദ്ധീകരണ നിലയത്തിന് നേരെ ഇറാൻ നടത്തിയ ആക്രമണം ആ രാജ്യത്തെ ജലവിതരണത്തെ ബാധിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങൾ കുടിവെള്ളത്തിനായി സമുദ്രജല ശുദ്ധീകരണത്തെയാണ് ആശ്രയിക്കുന്നത്. വെള്ളമില്ലെങ്കിൽ, ഈ രാജ്യങ്ങളിൽ എത്ര പണവും എണ്ണയും ഉണ്ടെങ്കിലും മനുഷ്യർക്ക് അവിടെ വസിക്കാൻ കഴിയില്ല. ഇറാനും ദീർഘകാല പരിഹാരമില്ലാത്ത രൂക്ഷമായ ജലക്ഷാമം നേരിടുന്നുണ്ട്, ഇത് അവിടുത്തെ പ്രധാന നഗരങ്ങളെ ജനവാസമില്ലാത്തതാക്കി മാറ്റിയേക്കാം. ഇറാഖിലൂടെയും സിറിയയിലൂടെയും ഒഴുകുന്ന യൂഫ്രട്ടീസ് നദിയും വറ്റിക്കൊണ്ടിരിക്കുകയാണ് (വെളി. 16).

5) അന്ത്യകാലത്ത് യെഹൂദ ജനത യിസ്രായേൽ ദേശത്തേക്ക് മടങ്ങിവരുന്നതിനെക്കുറിച്ചും, അവരുടെ സ്ഥിതിയെച്ചൊല്ലിയുള്ള തർക്കങ്ങൾ ഒടുവിൽ അന്ത്യ യുദ്ധത്തിലേക്കും മശിഹായുടെ (യേശുക്രിസ്തുവിന്റെ രണ്ടാം വരവ്) മടങ്ങിവരവിലേക്കും നയിക്കുമെന്നും ബൈബിൾ പ്രവചിക്കുന്നു

(യെഹെ. 36-38, സെഖ. 12-14, ലൂക്കൊ. 21:24-28 കാണുക). ഗാസയിലെയും ലെബനനിലെയും യുദ്ധം ഉൾപ്പെടെ പശ്ചിമേഷ്യയിലെ പ്രതിസന്ധിക്ക് ലോകം യിസ്രായേലിനെ കുറ്റപ്പെടുത്തുമ്പോഴും, വസ്തുത മറ്റൊന്നാണ്. 1948-ലെ സ്വാതന്ത്ര്യസമരം മുതലുള്ള യിസ്രായേലിന്റെ എല്ലാ യുദ്ധങ്ങളും ഉണ്ടായത് ശത്രുക്കൾ ആ ജൂത രാഷ്ട്രത്തെ നശിപ്പിക്കാൻ ലക്ഷ്യമിട്ട് ആക്രമണം നടത്തിയതുകൊണ്ടാണ്. യിസ്രായേലിനെ നശിപ്പിക്കുമെന്ന ഇറാന്റെ ഭീഷണിയും ശത്രുക്കൾക്ക് അവർ മിസൈലുകൾ നൽകുന്നതുമാണ് നിലവിലെ യുദ്ധത്തിൽ യിസ്രായേൽ പങ്കാളിയാകാൻ കാരണം.

6) യിരെമ്യാവ് 49:34-39 വരെ പറയുന്ന ഏലാം, പുരാതന ബൈബിൾ കാലഘട്ടത്തിലെ ഇറാന്റെ പടിഞ്ഞാറൻ ഭാഗമാണ്. അസീറിയൻ സാമ്രാജ്യത്തിന്റെ കാലത്ത് ഈ പ്രവചനം ഭാഗികമായി നിറവേറിയതായി പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. എങ്കിലും, ദൈവം '***ഏലാമിന്റെ വില്ല്***' ഒടിക്കുന്ന അന്ത്യകാല സംഭവങ്ങളിൽ ഇതിന് ഇനിയും ഒരു പൂർത്തീകരണം ബാക്കിയുണ്ട്. ബൈബിളിൽ 'വില്ല്' സൈനിക ശക്തിയുടെ പ്രതീകമാണ്. ആധുനിക കാലത്ത് ഇതിനെ മിസൈലുകളായും അവയുടെ തൊടുത്തുവിടൽ കേന്ദ്രങ്ങളായും കാണാം. 36-ാം വാക്യം ***ഏലാമിൽ നിന്നുള്ളവർ ലോകമെമ്പാടും ചിതറിക്കപ്പെടുന്നതിനെക്കുറിച്ച്*** സംസാരിക്കുന്നു. ഇതിനകം തന്നെ 40 ലക്ഷത്തോളം ഇറാനികൾ രാജ്യം വിട്ടു, കൂടുതൽ പേർ അതിനായി ശ്രമിക്കുന്നു (37-ാം വാക്യം).

7) അന്ത്യകാലത്ത് കള്ളപ്രവാചകന്മാരും കള്ളക്രിസ്തുക്കളും വർദ്ധിക്കുമെന്ന് യേശു മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (മത്താ. 24:5, 24:24 കാണുക). ഈ ലേഖനത്തിൽ നാം നേരത്തെ പരിശോധിച്ച ഖൊമേനിയുടെ ഇസ്ലാമിക വിപ്ലവത്തിന്റെ ഉത്ഭവം ശ്രദ്ധിച്ചാൽ, അത് വ്യക്തമായും ഒരു കള്ളപ്രവചനത്തിൽ അധിഷ്ഠിതമാണെന്ന് കാണാം. 2 തെസ്സ. 2-ൽ എതിർ ക്രിസ്തുവിന്റെ കാലത്തെക്കുറിച്ച് പ്രവചിച്ചിരിക്കുന്നതുപോലെ, ***ആത്മീയ വഞ്ചനയുടെ സ്വാധീനത്തിലാണ് ഇത് സംഭവിച്ചത്: 'സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു.'*** ഇതിനെല്ലാം പിന്നിൽ ദുഷ്ട ആത്മീയ ശക്തികൾ പ്രവർത്തിക്കുന്നതായി നമുക്ക് കാണാൻ കഴിയും.

## പേർഷ്യയുടെ പ്രഭു

ഇത് നമ്മെ ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ കാണുന്ന മറ്റൊരു പ്രവചന വിഷയത്തിലേക്ക് നയിക്കുന്നു. ദാനിയേൽ പ്രവാചകന് ഒരു ദൈവദൂതന്റെ ദർശനം ലഭിക്കുന്നു; ആ ദൂതൻ ദാനിയേലിനോട് 'പാർസിരാജ്യത്തിന്റെ പ്രഭുവിനെ' കുറിച്ച് സംസാരിക്കുന്നു.

***'അവൻ എന്നോടു പറഞ്ഞതു: ദാനീയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തേണ്ടതിനും മനസ്സുവെച്ച ആദ്യദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു. പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തുനിന്നു; എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു: അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു, നിന്റെ ജനത്തിനു ഭാവികാലത്തു സംഭവിപ്പാനുള്ളതു നിന്നെ ഗ്രഹിപ്പിക്കേണ്ടതിനു ഇപ്പോൾ വന്നിരിക്കുന്നു; ദർശനം ഇനിയും ബഹുകാലത്തേക്കുള്ളതാകുന്നു.... അതിനു അവൻ എന്നോടു പറഞ്ഞതു: ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നതു***

***എന്തിനെന്നു നീ അറിയുന്നുവോ? ഞാൻ ഇപ്പോൾ പാർസി പ്രഭുവി നോടു യുദ്ധം ചെയ്‌വാൻ മടങ്ങി പ്പോകും; ഞാൻ പുറപ്പെട്ട ശേഷമോ, യവന പ്രഭു വരും. എന്നാൽ സത്യ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഞാൻ നിന്നെ അറിയിക്കാം: നിങ്ങ ളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യങ്ങളിൽ എന്നോടുകൂടെ ഉറെച്ചു നില്ക്കുന്നവൻ ആരും ഇല്ല'*** (ദാനി. 10:12-14, 20-21).

ദാനിയേൽ പത്താം അധ്യായത്തിൽ പരാമർശിക്കുന്ന 'പാർസിരാജ്യത്തിന്റെ പ്രഭു' ഒരു മനുഷ്യരാജാവല്ല, മറിച്ച് സാത്താന്റെ അധികാരത്തിന് കീഴി ലുള്ള ഉന്നതശ്രേണിയിലുള്ള ഒരു ദുഷ്ട ആത്മീയ ശക്തിയാണ്. ഈ വീണുപോയ ദൂതന് പേർഷ്യയുടെ മേൽ ആത്മീയ അധികാരം ഉണ്ടായി രുന്നു. ദൈവദൂതനായ മിഖായേൽ ഇട പെടുന്നതുവരെ 21 ദിവസത്തോളം ഈ ശക്തി ദൈവത്തിന്റെ ദൂതനെ എതിർത്തുനിന്നു. സ്വർഗ്ഗീയ മണ്ഡല ങ്ങളിൽ അമാനുഷിക ശക്തികൾ പ്രവ ർത്തിക്കുന്നുണ്ടെന്നും അവ ഭൂമിയിലെ രാഷ്ട്രങ്ങളിൽ സ്വാധീനം ചെലുത്തു ന്നുണ്ടെന്നും ഈ ഭാഗം സൂചിപ്പിക്കുന്നു.

ഭൂമിയിലെ സംഭവങ്ങളിൽ വരാനിരി ക്കുന്ന കാര്യങ്ങൾ ദൈവം എങ്ങനെ വെളിപ്പെടുത്തുന്നു എന്നതിനെക്കുറി ച്ചുള്ള അത്ഭുതകരമായ പ്രവചനങ്ങൾ ദാനിയേലിന്റെ പുസ്തകത്തിലുണ്ട്. യെശയ്യാവ്, യിരെമ്യാവ്, യെഹെസ് കേൽ, സെഖര്യാവ് എന്നീ എബ്രായ പുസ്തകങ്ങളിലും ഇത്തരത്തിലുള്ള പ്രവചനങ്ങൾ കാണാം. താഴെ പറ യുന്ന കാര്യങ്ങൾ ചരിത്രത്തിൽ കൃത്യ മായി മുൻകൂട്ടി പറയപ്പെട്ടു: യെരൂ ശലേം കീഴടക്കലും പ്രവാസവും: ബി.സി. 597-586 കാലഘട്ടത്തിൽ ബാബിലോൻ യെരൂശലേമിനെ കീഴട ക്കിയതും ജൂതന്മാരെ തടവുകാരായി ബാബിലോനിലേക്ക് കൊണ്ടുപോ യതും (യിരെ. 25:9-11, യെശ. 39:6-7, യെഹെ. 24:1-2). ബാബിലോനിന്റെ പതനവും പുനഃസ്ഥാപനവും: മേദ്യരു ടെയും പാർസികളുടെയും കൈകളാൽ ബാബിലോൻ തകരുന്നതും, പാർസി രാജാവായ കോരെശിന്റെ വിളംബരം അനുസരിച്ച് ബി.സി. 537-ൽ ജൂതന്മാർ യെരൂശലേമിലേക്ക് മടങ്ങുന്നതും (യെശ. 44:26-45, യിരെ. 51-52, എസ്രാ 1) വായി ക്കുക. ഗ്രീക്ക് അധിനിവേശം: ബി.സി. 334 - 330 കാലഘട്ടത്തിൽ മഹാനായ അലക്സാണ്ടറുടെ കീഴിൽ ഗ്രീക്കുകാർ പേർഷ്യയെ കീഴടക്കിയതും തുടർന്ന് രാജ്യം നാലായി വിഭജിക്കപ്പെട്ടതും (ദാനി. 8:1-22, 11 :1-4). മക്കബായരുടെ വിപ്ലവം: ബി.സി. 167-165 കാലഘട്ട ത്തിലെ യെഹൂദയുമായുള്ള സെലൂക്യ യുദ്ധങ്ങളും മക്കബായരുടെ വിപ്ലവവും (ദാനി. 11).

അന്ത്യകാലത്ത് മശിഹായുടെ വര വിനു മുൻപ് ഭൂമിയിൽ അധർമ്മം ഉച്ച സ്ഥിതിയിലാകുമ്പോൾ ഈ വ്യക്തി പ്രത്യക്ഷപ്പെടും. ***'ഉപായബുദ്ധിയു ള്ളോരു രാജാവു എഴുന്നേല്ക്കും. അവന്റെ അധികാരം വലുതായി രിക്കും; സ്വന്ത ശക്തിയാൽ അല്ല താനും; അവൻ അതിശയമാംവണ്ണം നാശം പ്രവർത്തിക്കയും കൃതാർത്ഥ നായി അതു അനുഷ്ഠിക്കയും പല രെയും വിശുദ്ധ ജനത്തെയും നശി പ്പിക്കയും ചെയ്യും. അവൻ നയബു ദ്ധിയാൽ തന്റെ ഉപായം സാധിപ്പി ക്കയും സ്വഹൃദയത്തിൽ വമ്പുഭാ വിച്ചു, നിശ്ചിന്തയോടെയിരിക്കുന്ന പലരെയും നശിപ്പിക്കയും കർത്താധി കർത്താവിനോടു എതിർത്തുനിന്നു കൈ തൊടാതെ തകർന്നുപോകയും ചെയ്യും. സന്ധ്യകളെയും ഉഷസ്സുക ളെയും കുറിച്ചു പറഞ്ഞിരിക്കുന്ന ദർ ശനം സത്യമാകുന്നു; ദർശനം ബഹു കാലത്തേക്കുള്ളതാകയാൽ അതിനെ അടെച്ചുവെക്ക'*** (ദാനി. 8:23-26).

മക്കാബിയരുടെ കാലത്ത് യെഹൂദ ന്മാരെ പീഡിപ്പിച്ചിരുന്ന അന്ത്യോ ക്കസ് എപ്പിഫാനസിന്റെ ഭരണത്തെ

ക്കുറിച്ച് പതിനൊന്നാം അധ്യായം പ്രവചിക്കുന്നു. ഈ അധ്യായത്തിന്റെ അവസാന ഭാഗത്ത്, വരാനിരിക്കുന്ന എതിർ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങളിലേക്ക് ഇത് കടക്കുന്നു:

***'രാജാവോ, ഇഷ്ടംപോലെ പ്രവർത്തിക്കും; അവൻ തന്നെത്താൻ ഉയർത്തി, ഏതു ദേവനും മേലായി മഹത്ത്വീകരിക്കയും ദൈവാധിദൈവത്തിന്റെ നേരെ അപൂർവ്വ കാര്യങ്ങളെ സംസാരിക്കയും, കോപം നിവൃത്തിയാകുവോളം അവനു സാധിക്കയും ചെയ്യും; നിർണ്ണയിക്കപ്പെട്ടിരിക്കുന്നതു സംഭവിക്കുമല്ലോ. അവൻ എല്ലാറ്റിനും മേലായി തന്നെത്താൻ മഹത്ത്വീകരിക്കയാൽ തന്റെ പിതാക്കന്മാരുടെ ദേവന്മാരെയും സ്ത്രീകളുടെ ഇഷ്ടദേവനെയും യാതൊരു ദേവനെയും കൂട്ടാക്കുകയില്ല'*** (ദാനി. 11:36-39).

ദാനിയേൽ 12-ൽ പ്രതിപാദിച്ചിരിക്കുന്ന മഹോപദ്രവത്തിന്റെ അവസാന സമയത്തേക്ക് ഇത് വഴിനയിക്കും:

***'ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും. എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും. നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ വചനങ്ങളെ അടെച്ചു പുസ്തകത്തിനു മുദ്രയിടുക; പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും.'***

ഇവിടെ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ മഹോപദ്രവകാലത്തിന്റെ അവസാന നാളുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ബൈബിളിലെ മറ്റ് ഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, പ്രത്യേകിച്ച് മത്തായി 24:15-31, യിരെമ്യാവ് 30 എന്നിവയുമായി. വെളിപ്പാട് പുസ്തകം 12-ൽ മീഖായേലും പിശാചും തമ്മിൽ സ്വർഗ്ഗത്തിൽ നടക്കുന്ന ഒരു യുദ്ധത്തെക്കുറിച്ച് പരാമർശമുണ്ട്, ഇതിന്റെ ഫലമായി പിശാച് ഭൂമിയിലേക്ക് തള്ളപ്പെടുന്നു. ഭൗമിക സംഘർഷങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ആത്മീയ ശക്തികളെക്കുറിച്ച് ദാനിയേൽ 10-ൽ പാർസി പ്രഭുവിനെ കുറിച്ച് നാം കണ്ട ഭാഗത്തിന് സമാനമാണിത്. ലോകാവസാനത്തിലെ സംഭവങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ദുഷ്ട ആത്മീയ ശക്തികളെക്കുറിച്ചുള്ള രഹസ്യങ്ങൾ വെളിപ്പാട് പുസ്തകം നമുക്ക് മുന്നിൽ അനാവരണം ചെയ്യുന്നു.

***'മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു'*** (വെളി. 12:17).

ഈ അധ്യായത്തെക്കുറിച്ചുള്ള ഒരു വീക്ഷണം, ഇതിലെ സ്ത്രീ യിസ്രായേലിനെ പ്രതിനിധീകരിക്കുന്നു എന്നതാണ്. അങ്ങനെയാണെങ്കിൽ, ഇത് യിസ്രായേലിനും യെഹൂദന്മാർക്കും (ദൈവകല്പനകൾ പ്രമാണിക്കുന്നവർ), 'യേശു ക്രിസ്തുവിന്റെ സാക്ഷ്യമുള്ള' ക്രിസ്ത്യാനികൾക്കും എതിരെ അന്ത്യകാലത്ത് നടക്കുന്ന യുദ്ധത്തെയാണ് വിവരിക്കുന്നത്. കൗതുകകരമെന്നു പറയട്ടെ, ഇന്ന് യിസ്രായേലിനെതിരെ ഏറ്റവും ശക്തമായി ശബ്ദമുയർത്തുന്ന രണ്ട് വിഭാഗങ്ങൾ ചില

ഇസ്ലാം രാജ്യങ്ങളും തീവ്ര ഇടതുപക്ഷവുമാണ്. ഇതിനെ ചുവപ്പ്-പച്ച സഖ്യം എന്ന് വിളിക്കുന്നു. ബൈബിൾ അധിഷ്ഠിത ക്രിസ്തീയതയെ എതിർക്കുകയും യിസ്രായേലിനെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'ഇന്റിഫാഡാ'യെ ആഗോളവൽക്കരിക്കാൻ പ്രചാരണം നടത്തുകയും ചെയ്യുന്ന ഈ രണ്ട് ഗ്രൂപ്പുകളും ഇന്നത്തെ ലോകത്തിലെ എതിർ ക്രിസ്തുവിന്റെ ശക്തമായ രൂപങ്ങളാണ്.

'പാർസി പ്രഭുവും' നമ്മുടെ കാലത്ത് രൂപപ്പെട്ടുകൊണ്ടിരിക്കുന്ന അന്ത്യകാല സംഘർഷങ്ങളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ദാനിയേലിന്റെ പ്രവചനങ്ങൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ സമീപഭാവിയിൽ നിന്ന് തുടങ്ങി, നമ്മുടെ കാലത്ത് സംഭവിക്കുന്ന കാര്യങ്ങളുമായി ഒത്തുപോകുന്ന വിദൂര ഭാവിയിലേക്കും വ്യാപിക്കുന്നു.

ദാനിയേലിന്റെ കാഴ്ചപ്പാടിൽ അടുത്ത ഭാവിയിലുണ്ടായ സംഭവങ്ങൾ ഗ്രീക്കുകാരും പേർഷ്യക്കാരും തമ്മിലുള്ള യുദ്ധങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇത് യൂറോപ്പിലെ ഏറ്റവും വികസിത രാഷ്ട്രമായ ഗ്രീസിനെ ഏഷ്യയിലെ ഏറ്റവും വികസിത രാഷ്ട്രമായ പേർഷ്യയുമായി സംഘർഷത്തിലാക്കി. അലക്സാണ്ടർ ചക്രവർത്തി താൻ പിടിച്ചടക്കിയ ദേശങ്ങളിൽ ഗ്രീക്ക് ആശയങ്ങളും സംസ്കാരവും എത്തിച്ചു; മറുവശത്ത് പേർഷ്യക്കാർ അവരുടെ സംസ്കാരം ഗ്രീസിലേക്കും വ്യാപിപ്പിച്ചു. ഗ്രീക്കുകാർക്കും പേർഷ്യക്കാർക്കും യിസ്രായേലിന്മേലും ബൈബിളിന്മേലും സ്വാധീനമുണ്ടായിരുന്നു. ഇത് ഭാഗികമായി ഗുണകരമായിരുന്നു. പാർസി രാജാവായ കോരേശിന്റെ പുനഃസ്ഥാപനങ്ങൾ യിസ്രായേലിനെ അനുഗ്രഹിക്കുകയും അതിന്റെ പുനരുദ്ധാരണത്തിന് കാരണമാവുകയും ചെയ്തു. എബ്രായ ബൈബിൾ യവന ഭാഷയിലേക്ക് വിവർത്തനം ചെയ്യുവാനും, പുതിയ നിയമം യവന ഭാഷയിൽ എഴുതപ്പെടാനും സഹായിച്ചു, ഇത് ക്രിസ്തീയ വിശ്വാസത്തിന്റെ ആദ്യകാല വ്യാപനത്തിന് വളരെയധികം തുണയായി. എന്നാൽ ഇത് ഭാഗികമായി ദോഷകരവുമായിരുന്നു. പാർസി സാമ്രാജ്യത്തിലെ ഹാമാനും യവന സാമ്രാജ്യത്തിലെ അന്ത്യോക്കസും യെഹൂദന്മാരെ നശിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ദൈവത്തിന്റെ ഇടപെടലിലൂടെ അവർ പരാജയപ്പെട്ടു. പേർഷ്യൻ സംസ്കാരത്തെ നശിപ്പിക്കുകയും പകരം തെറ്റായ മതവ്യവസ്ഥയുടെ പിൻബലമുള്ള കൊലയാളി സ്വേച്ഛാധിപത്യം സ്ഥാപിക്കുകയും ചെയ്ത 'ഹാമാനെ'പ്പോലെതോന്നിക്കുന്ന ഒരാളുടെ കൈകളിലാണ് ഇന്ന് ഇറാൻ.

നിലവിലെ സാഹചര്യം പാശ്ചാത്യ ലോകത്തെ ഏറ്റവും വികസിത രാഷ്ട്രമായ അമേരിക്കയെയും ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാനെയും തമ്മിൽ സംഘർഷത്തിലാക്കിയിരിക്കുകയാണ്. അമേരിക്ക യിസ്രായേലിനെ പിന്തുണയ്ക്കുന്നു, ഇറാൻ യിസ്രായേലിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ യുദ്ധത്തിലൂടെ നിലവിലെ ഇസ്ലാമിക ഭരണകൂടം തകരുകയും, 'യിസ്രായേലിന് മരണം' എന്ന മുദ്രാവാക്യം ഉപേക്ഷിച്ച് മേഖലയിൽ സമാധാനത്തിനായി പ്രവർത്തിക്കുന്ന കൂടുതൽ യുക്തിസഹമായ ഒരു സർക്കാർ അധികാരത്തിൽ വരുമെന്നും യിസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു പ്രതീക്ഷിക്കുന്നു.

ഇസ്ലാമിക ഭരണകൂടത്തോടുള്ള ജനകീയ പ്രതിരോധം ആ ഭരണകൂടത്തെ താഴെയിറക്കുന്നതിൽ വിജയിച്ചാൽ ഇത് സംഭവിക്കാം. ഇസ്ലാമിക വിപ്ലവ സേനയുടെ ഭാഗമല്ലാത്ത ഇറാന്റെ സാധാരണ സൈന്യമായ 'അർട്ടേഷ്' ജനങ്ങളോടൊപ്പം ചേർന്നാൽ അത്

സാധ്യമാണ്. ഇത്തരമൊരു മാറ്റം യിസ്രായേലിനും പാലസ്തീനികൾക്കും വേണ്ടിയുള്ള ട്രംപിന്റെ സമാധാന പദ്ധതിയുടെ വിജയത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പായിരിക്കും; സമാധാനത്തിന് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്ന ഇറാന്റെ ഇസ്ലാമിക ഭരണകൂടത്തെ നീക്കം ചെയ്യുന്നതിലൂടെ അത് സംഭവിക്കാം. ഈ സാഹചര്യത്തിൽ, ദാനിയേൽ 9:27-ൽ പറയുന്ന ഏഴ് വർഷത്തെ ഉടമ്പടിയിലേക്ക് നാം യഥാർത്ഥത്തിൽ നീങ്ങിയേക്കാം.

മറുവശത്ത്, ഇറാന്റെ ഭരണാധികാരികൾ പിന്മാറാൻ തയ്യാറല്ല. അവർ സമാധാനമല്ല, പ്രതികാരമാണ് ലക്ഷ്യമിടുന്നത്. യിസ്രായേലിന്റെ കാഴ്ചപ്പാടിൽ ഈ യുദ്ധത്തിന്റെ ദോഷകരമായ ഫലം എന്നത്, നിലവിലെ ഭരണകൂടം അധികാരത്തിൽ തുടരുകയും അമേരിക്കയുടെയും പാശ്ചാത്യ സഖ്യത്തിന്റെയും ശക്തി ക്ഷയിക്കുകയും ചെയ്യുക എന്നതാണ്. ഇത് അമേരിക്കൻ വിരുദ്ധ സഖ്യത്തെ ശക്തിപ്പെടുത്തും. യിസ്രായേലിനെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗോഗ്-മാഗോഗ് യുദ്ധത്തിനായി (യെഹെ. 38-39) ഒരു കൂട്ടം രാജ്യങ്ങളെ (തുർക്കി, റഷ്യ, പേർഷ്യ, മറ്റ് ഇസ്ലാമിക സഖ്യകക്ഷികൾ എന്നിവയുൾപ്പെടെ) ഇത് ഒന്നിപ്പിക്കും. ലോകമെമ്പാടുമുള്ള ചിതറിപ്പോകലിന് ശേഷം യിസ്രായേലിന്റെ പുനഃസംഗമം നടക്കുന്ന ഈ യുഗത്തിന്റെ അവസാന നാളുകളിൽ ഈ യുദ്ധം സംഭവിക്കുമെന്ന് ബൈബിളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. യിസ്രായേലിനെതിരെ വരുന്ന സൈന്യങ്ങളെ ദൈവം നശിപ്പിക്കുന്നതിലൂടെ കർത്താവ് നേരിട്ട് ഈ യുദ്ധക്കളത്തിലേക്ക് വരുന്നു. യെഹെസ്കേൽ 38:5-ൽ പേർഷ്യ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന വസ്തുത, വരും ദിവസങ്ങളിൽ അത് യിസ്രായേലിന്റെ ശത്രുവായി തുടരുമെന്നതിന്റെ സൂചനയാണ്.

നിങ്ങൾക്ക് എന്ത് തോന്നുന്നു? നാം മഹോപദ്രവകാലത്തിന്റെ വക്കിലാണോ? ഈ സംഘർഷത്തിൽ നിന്ന് എതിർക്രിസ്തു ഉയിർത്തെഴുന്നേൽക്കുമോ? അമേരിക്ക ലോകക്രമത്തെ പുനർനിർമ്മിച്ചുകൊണ്ട് വിജയശ്രീലാളിതരായി ഉയർന്നു വരുമോ അതോ വിപരീത സംഭവങ്ങളുടെ ഭാരത്താൽ തകർന്നടിയുമോ? യിസ്രായേലിന് ഒരു സമാധാന ഒത്തുതീർപ്പ് ഉണ്ടാകുമോ അതോ അന്ത്യകാല യുദ്ധത്തിലേക്കുള്ള നീക്കങ്ങൾ ഉണ്ടാകുമോ?

നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയുന്ന ഒരു കാര്യം യേശു വരുന്നു എന്നതാണ്. താൻ മടങ്ങിവരുന്നതിന് മുമ്പുള്ള അവസാന നാളുകളിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കുമെന്ന് അവിടുന്നു നമുക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. യെരൂശലേം ലോകസംഭവങ്ങളുടെ കേന്ദ്ര ബിന്ദുവായി മാറുന്ന കാലത്ത്, ഭൂമിയിൽ ലോകമെമ്പാടും വലിയ കഷ്ടതകൾ നിറഞ്ഞ ഒരു സാഹചര്യം ഉണ്ടാകുമെന്ന് യേശു അരുളിച്ചെയ്തിട്ടുണ്ട്.

***'സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നതു അവർ കാണും. ഇതു സംഭവിച്ചുതുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പു അടുത്തു വരുന്നതുകൊണ്ടു നിവിർന്നു തല പൊക്കുവിൻ'*** (ലൂക്കൊ. 1:25-28).


രാഷ്ട്രങ്ങൾക്കുണ്ടാകുന്ന പരിഭ്രമവും

ആകുലതയും എന്നാൽ 'അക്ഷരാർത്ഥത്തിൽ 'പുറത്തുകടക്കാൻ വഴിയൊന്നുമില്ലാത്ത ഒരു പ്രതിസന്ധി' എന്നാണ് അർത്ഥമാക്കുന്നത്. പശ്ചിമേഷ്യയിൽ മൊത്തത്തിലുള്ള സാഹചര്യം പരിഹാരമില്ലാത്ത ഒരു ആഗോള പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്, ഗൾഫിലെ ഇപ്പോഴത്തെ സംഭവങ്ങൾ ആ പ്രതിസന്ധിയെ കൂടുതൽ വഷളാക്കുന്നു. ലോകത്തിൽ സംഭവിക്കാൻ പോകുന്ന ഭയാനകമായ കാര്യങ്ങൾ കണ്ട് മനുഷ്യരുടെ ഹൃദയം സ്തംഭിക്കുന്ന ഒരു കാലഘട്ടമായിരിക്കും ഇത്. എന്നാൽ യേശുവിനെ രക്ഷകനായി അറിയുന്നവർക്ക്, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അതിവേഗത്തിലുള്ള മടങ്ങിവരവിനായി കാത്തിരിക്കുമ്പോൾ പ്രത്യാശയും ശുഭകരമായൊരു ഭാവിയുമുണ്ടാകും. യേശു മടങ്ങിവരുമ്പോൾ, യുദ്ധങ്ങൾക്ക് അറുതിവരുത്തിക്കൊണ്ടും യിസ്രായേലിനും ലോകത്തിനും സമാധാനവും നീതിയും നൽകിക്കൊണ്ടും യെശയ്യാ പ്രവാചകന്റെ പ്രശസ്തമായ പ്രവചനം അവിടുന്നു നിറവേറ്റും.

***'അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകലജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽനിന്നു ഉപദേശവും യെരൂശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല'*** (യെശ. 2:2–4).

അവൻ ഏലാമിനെയും (ഇറാന്റെ പുരാതന ബൈബിൾ നാമം) പുനസ്ഥാപിക്കും, ***'ഞാൻ എന്റെ സിംഹാസനത്തെ ഏലാമിൽ സ്ഥാപിച്ചു അവിടെ നിന്നു രാജാവിനെയും പ്രഭുക്കന്മാരെയും നശിപ്പിച്ചുകളയും എന്നു യഹോവയുടെ അരുളപ്പാടു. എന്നാൽ ഒടുക്കം ഞാൻ ഏലാമിന്റെ പ്രവാസം മാറ്റും എന്നു യഹോവയുടെ അരുളപ്പാടു'*** (യിരെ. 49:38–39).*

## മാരാനാഥാ കർത്താവായ യേശുവേ വരേണമേ!


വില ഒരു പ്രതിക്ക് 10 രൂപാ.
40 പുറങ്ങൾ

**വിധവകൾക്കും ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെടുന്നവർക്കും പ്രത്യാശാദീപത്തിൽ പുനരധിവാസം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9207976381/9447976381/0479 2412459.**

# കാലത്തിന്റെ അടയാളങ്ങൾ

## പാശ്ചാത്യ ലോകത്തെ ശേമ്യവിരുദ്ധത

**2026** മാർച്ചിലെ കണക്കനുസരിച്ച്, പാശ്ചാത്യ രാജ്യങ്ങളിൽ, പ്രത്യേകിച്ച് യുകെ, യൂറോപ്പ്, കാനഡ എന്നിവിടങ്ങളിൽ ജൂത ആരാധനാലയങ്ങൾക്കും ജൂത സ്ഥാപനങ്ങൾക്കും നേരെ ആസൂത്രിതവും ഹിംസാത്മകവുമായ ആക്രമണങ്ങൾ വർദ്ധിച്ചുവരികയാണ്. പശ്ചിമേഷ്യയിൽ ഉണ്ടായ സംഭവവികാസങ്ങളെത്തുടർന്ന് ശേമ്യ വിരുദ്ധതയിൽ ഉണ്ടായ ദ്രുതഗതിയിലുള്ള വർദ്ധനവായാണ് ഇത് വിശേഷിപ്പിക്കപ്പെടുന്നത്.

ലണ്ടൻ, യുകെ: 2026 മാർച്ച് അവസാന വാരത്തിൽ, ജൂതന്മാർ ധാരാളമായി താമസിക്കുന്ന ഗോൾഡേഴ്സ് ഗ്രീനിൽ ജൂത സന്നദ്ധ സംഘടനയുടെ ആംബുലൻസുകൾക്ക് തീയിട്ടു. ടൊറോന്റോ, കാനഡ : 2026 മാർച്ച് ആദ്യ വാരത്തിൽ ഷാരെ ഷൊമയിം, ടെമ്പിൾ ഇമ്മാനു-ഏൽ എന്നിവയുൾപ്പെടെ മൂന്ന് വ്യത്യസ്ത സിനഗോഗുകൾക്ക് നേരെ അജ്ഞാതർ വെടിയുതിർത്തു. യുറോപ്പ്: ബെൽജിയത്തിലെ ലീജിൽ ഒരു സിനഗോഗിന് നേരെ ബോംബാക്രമണമുണ്ടായി. റോട്ടർഡാമിലെ ഒരു സിനഗോഗിന് പുറത്ത് സ്ഫോടകവസ്തു പൊട്ടിത്തെറിച്ചു. ആംസ്റ്റർഡാമിലെ ഒരു ജൂത വിദ്യാലയവും ആക്രമിക്കപ്പെട്ടു. മിഷിഗൺ, യു എസ് എ : വെസ്റ്റ് ബ്ലൂംഫീൽഡിലെ ടെമ്പിൾ യിസ്രായേലിൽ വെടിവയ്പും കാർ ഇടിച്ചു കയറ്റിയുള്ള ആക്രമണവും ഉണ്ടായി. സംശയാസ്പദമായ പ്രവർത്തനങ്ങൾ : ലണ്ടനിലും ഹെർട്ട്ഫോർഡ്ഷെയറിലും ജൂത ആരാധനാലയങ്ങളെയും വ്യക്തികളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചതിന് നാല് പേരെ അറസ്റ്റ് ചെയ്തു. ഇത് ആസൂത്രിത ആക്രമണങ്ങളുടെ ഭീതി വർദ്ധിപ്പിക്കുന്നു. ആക്രമണങ്ങളുടെ രീതി: തീയിടൽ, വെടിവയ്പ് മുതൽ നശീകരണ പ്രവർത്തനങ്ങൾ വരെ ഈ അക്രമങ്ങളിൽ ഉൾപ്പെടുന്നു. ജൂത സമൂഹത്തെ ഭയത്തിന്റെ നിഴലിൽ നിർത്തുക എന്നതാണ് ഇവയുടെ ലക്ഷ്യം.

ഗ്രീൻ പാർട്ടി അംഗമായ ലുബ്ന സെപ്യ്ത്താൻ 'സിയോൻ വാദത്തിന്റെ വംശീയ കാരാള ഹസ്തത്തെ പ്രതിരോധിക്കണം' എന്ന് ആഹ്വാനം ചെയ്തു. മറ്റൊരു പ്രവർത്തകൻ ജൂതന്മാരെ 'ഈ ഭൂമിയിലെ വെറുക്കപ്പെട്ടവർ' എന്ന് വിശേഷിപ്പിച്ചു. ഗ്രീൻ പാർട്ടിയിൽ ഈ നിർദ്ദേശത്തിന് വലിയ പിന്തുണ ലഭിച്ചിരുന്നെങ്കിലും, സിയോൻ വാദത്തെ വംശീയതയ്ക്ക് തുല്യമായി കാണുന്ന പ്രമേയം പാസാക്കുന്നതിൽ പാർട്ടി പരാജയപ്പെട്ടു.

പാലസ്തീൻ അനുകൂല പ്രതിഷേധക്കാരനും ഓക്സ്ഫോർഡ് സർവകലാശാലയിലെ തത്വശാസ്ത്ര, രാഷ്ട്രീയ, സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥിയുമായ ഒരാൾ ലണ്ടനിലെ ഒരു പ്രകടനത്തിനിടെ 'സിയോൻ വാദികളെ (Zios) നിലംപരിശാക്കുക' എന്ന് ആക്രോശിച്ചത് കൊലവിളിയായി കണക്കാക്കപ്പെടുന്നു. മധ്യലണ്ടനിൽ നടന്ന ഒരു ജാഥയിൽ ഉച്ചഭാഷിണിയിലൂടെ അയാൾ ജനക്കൂട്ടത്തോടു പറഞ്ഞു: 'നമ്മുടെ പ്രചോദനത്തിനായി പാലസ്തീനിലെയും ഗസയിലെയും ഉറച്ചതും മാന്യവുമായ പോരാട്ടത്തെ നോക്കിക്കാണാം. ഞങ്ങൾ ഓക്സ്ഫോർഡിൽ വെച്ച് രൂപപ്പെടുത്തിയ ഒരു മുദ്രാവാക്യം ഒരുപക്ഷേ നിങ്ങൾക്കും ഏറ്റുചൊല്ലാൻ താല്പര്യമുണ്ടാകും. അത് ഇങ്ങനെയാണ്: ഗാസ, ഗാസ ഞങ്ങളെ അഭിമാനഭരിതരാക്കൂ, സിയോൻ വാദികളെ നിലംപരിശാക്കൂ. 'സിയോണിസ്റ്റ്'

(സിയോൻവാദി) എന്നതിന്റെ ചുരുക്ക രൂപമായി 'സിയോ' എന്ന വാക്ക് ഉപയോഗിച്ചുകൊണ്ടുള്ള ജൂതവാദികളെ കൊല്ലാനുള്ള ആഹ്വാനമാണിത്. യുകെയിലെ ഭൂരിഭാഗം ജൂതന്മാരും യിസ്രായേൽ രാജ്യം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരും അതിനാൽ തന്നെ എതിരാളികളുടെ കണ്ണിൽ 'സിയോൻവാദികളും' ആയതിനാൽ, ഇത് ജൂതന്മാരെ നിഗ്രഹിക്കാനുള്ള ആഹ്വാനമായി കണക്കാക്കാം. യിസ്രായേൽ നിലനിൽക്കണമെന്ന് വിശ്വസിക്കുന്ന ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം, ഇത് നമ്മെയും വകവരുത്തുവാനുള്ള ആഹ്വാനമാണ്. ദാനിയേൽ കോഹൻ *ഡെയിലി ടെലിഗ്രാഫിൽ* എഴുതി: 'ജൂതവിദ്യാർത്ഥി സംഘടന പറയുന്നതനുസരിച്ച്, ബ്രിട്ടനിലെ സർവ്വകലാശാലകളിൽ ജൂത വിദ്യാർത്ഥികൾ ശാരീരികവും മാനസികവുമായ പീഡനങ്ങൾ നേരിടുന്നു. ജൂത വിദ്യാർത്ഥികൾ സാമൂഹ്യ ബഹിഷ്കരണം, വ്യാപകമായ ശേമ്യ വിരുദ്ധ മനോഭാവം എന്നിവ അഭിമുഖീകരിക്കുന്നു. ബ്രിട്ടനിലെ സർവ്വകലാശാലാ ക്യാമ്പസുകളെക്കുറിച്ച് വിവിധ മത വിഭാഗങ്ങളിൽപ്പെട്ട 1,000 വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ ഒരു അഭിപ്രായ വോട്ടെടുപ്പിൽ, നാലിൽ ഒരാൾ എന്ന കണക്കിന് വിദ്യാർത്ഥികൾ ജൂത വിദ്യാർത്ഥികളുടെ മതത്തെയോ വംശത്തെയോ ഉന്നം വെച്ചുകൊണ്ടുള്ള പെരുമാറ്റങ്ങൾ കണ്ടതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അവർ നേരിടുന്ന വംശീയത അക്രമാസക്തവും ഭയപ്പെടുത്തുന്നതുമാണ്. ഇതിനോടൊപ്പം തന്നെ രാജ്യത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭീകരവാദത്തെ മഹത്വവൽക്കരിക്കുന്ന പ്രവണതയും നിലനിൽക്കുന്നു. ക്യാമ്പസുകളിൽ ഹമാസ്, ഹിസ്ബുള്ള തുടങ്ങിയ നിരോധിത സംഘടനകളിലെ ഭീകരരെ പുകഴ്ത്തിക്കൊണ്ടുള്ള മുദ്രാവാക്യങ്ങൾ 49 ശതമാനം വിദ്യാർത്ഥികളും കേട്ടിട്ടുണ്ട്. ഒക്ടോബർ 7-ന് പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും കൂട്ടക്കൊല ചെയ്തതിനെ ന്യായീകരിക്കുന്നതിന് 47 ശതമാനം വിദ്യാർത്ഥികൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്.'

ഇത് പാശ്ചാത്യ ലോകത്തിന്റെ അപമാനമായ ഒരു സവിശേഷതയാണ്. ഒരു തലമുറയിൽ മുഴുവൻ ജൂതവിദ്വേഷം കുത്തിവെക്കുകയും, അത് ജൂതർക്കും അവരുടെ സ്വത്തുക്കൾക്കും നേരെയുള്ള ആക്രമണങ്ങളായി അവർ നടപ്പിലാക്കുകയും ചെയ്യുന്നതായാണ് കാണപ്പെടുന്നത്. ബൈബിളും നമ്മുടെ രക്ഷകനെയും നമുക്ക് നൽകിയവരും നമ്മുടെ സമൂഹത്തിന് ഇത്രയധികം സംഭാവനകൾ നൽകിയവരുമായ ജൂത ജനതയ്ക്കൊപ്പം നിൽക്കാനും ഇതിനെതിരെ പോരാടാനും ക്രൈസ്തവർ ഒന്നിക്കണം. അബ്രാഹാമിനെയും തന്റെ പിൻഗാമികളെയും കുറിച്ച് ഉല്പത്തി 12-ൽ ദൈവം ഇപ്രകാരം പറയുന്നു: 'നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും.'

## ക്രിസ്തു വിശ്വാസത്തിന്റെ തകർച്ചയും ഭീകരവാദത്തിന്റെ വളർച്ചയും

മാറ്റ് ഗുഡ്‌വിൻ *ഡെയിലി മെയിലിൽ* 'നാം വളർന്നുവന്ന ബ്രിട്ടനെ നമ്മുടെ ഭരണവർഗ്ഗം എങ്ങനെ നശിപ്പിക്കുന്നു' എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതി: 'നമ്മുടെ രാഷ്ട്രത്തിന്റെ പ്രതീകങ്ങളായിരുന്ന പാർലമെന്റ്, സിവിൽ സർവീസ്, കോടതികൾ, പോലീസ്, ബിബിസി, സർവ്വകലാശാലകൾ, വിദ്യാലയങ്ങൾ, ഏകീകൃത കാര്യ നിർവ്വാഹക സമിതി, സഭ, മ്യൂസിയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം അവ സേവിക്കേണ്ട പൊതുജനങ്ങളിൽ നിന്ന് അകന്നുപോയിരിക്കുന്നു. നമ്മുടെ രാജ്യം ഇപ്പോൾ ഒരു പുതിയ ഭരണ വർഗ്ഗത്തിന്റെ പിടിയിലാണ്. അവർ തങ്ങളെ ഒരു സജീവമായ രാഷ്ട്രത്തിന്റെ സംരക്ഷകരായല്ല കാണുന്നത്; മറിച്ച് അതിരുകളോ പരിധികളോ ഇല്ലാത്ത, തങ്ങൾക്ക് ശമ്പളം

നൽകുന്ന നികുതിദായകരോട് യാതൊരു കൂറുമില്ലാത്ത ഒരു ആഗോള പദ്ധതിയുടെ മേൽനോട്ടക്കാരായാണ് അവർ സ്വയം കരുതുന്നത്. നമ്മുടെ ഈ നഷ്ടപ്പെടലിനെക്കുറിച്ച് ആരെങ്കിലും സംസാരിക്കുമ്പോഴെല്ലാം, ഈ മാറ്റങ്ങൾ അടിച്ചേൽപ്പിക്കുന്ന വരേണ്യ വർഗ്ഗം അവരെ പരിഹസിക്കുന്നു. ഒരു രാഷ്ട്രത്തെ രൂപപ്പെടുത്തുകയും കെട്ടിപ്പടുക്കുകയും അതിന്റെ ഭാഗമായി മാറുകയും ചെയ്ത ജനത ക്രമേണ ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുമ്പോൾ, ആ രാഷ്ട്രത്തെ ബോധപൂർവ്വമായും സുസ്ഥിരമായും മാറ്റിമറിക്കുന്ന പ്രക്രിയയാണിതിലൂടെ നടക്കുന്നത്.'

ഈ പരിവർത്തനത്തിന് നേതൃത്വം നൽകുന്ന പുരോഗമനവാദി ഇടത് വരേണ്യവർഗ്ഗം പ്രധാനമായും ലക്ഷ്യമിടുന്നത് ക്രൈസ്തവ വിശ്വാസത്തെയാണ്. അതേസമയം തന്നെ, ഇസ്ലാമിന് നാം കൂടുതൽ പ്രാധാന്യം നൽകുന്ന തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരുന്നതിലൂടെ, അവരുടെ ആവശ്യങ്ങൾ സർക്കാർ വൻതോതിൽ അംഗീകരിക്കുന്നതായും നാം കാണുന്നു. ഇതിനാൽ തന്നെ,' ഇസ്ലാം വിരോധി' എന്ന് മുദ്രകുത്തപ്പെടാതെ ഈ നടപടിക്രമങ്ങളെ വിമർശിക്കാനോ അവയോട് വിയോജിക്കാനോ കഴിയാത്ത പ്രയാസകരമായ സാഹചര്യം നിലവിലുണ്ട്.

ഞങ്ങൾ വിദ്വേഷ പ്രസംഗങ്ങൾക്ക് എതിരാണ്. മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ജനങ്ങളോടും സ്നേഹവും ബഹുമാനവും കാണിക്കണമെന്ന കാര്യത്തിൽ ഞങ്ങൾ യോജിക്കുന്നു; അവരിൽ ഭൂരിഭാഗവും നമ്മുടെ സമൂഹത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കുന്നവരുമാണ്. എന്നിരുന്നാലും, ശരിയത്ത് നിയമത്താൽ നിയന്ത്രിക്കപ്പെടുന്ന ഒരു ആഗോള ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന, മുസ്ലീം ബ്രദർഹുഡിന്റെ ആശയങ്ങളുടെ പിൻബലമുള്ള തീവ്ര ഇസ്ലാമിസ്റ്റുകളെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്. വ്യക്തിപരമായ ധാർമ്മിക പരിഷ്കരണത്തിലൂടെ ആരംഭിച്ച് സമൂഹത്തെ ക്രമേണ സത്യദൈവ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ച്, ഒടുവിൽ രാഷ്ട്രീയ അധികാരം കൈക്കലാക്കി തങ്ങളുടെ പ്രത്യയശാസ്ത്രം സമൂഹത്തിന്മേൽ മൊത്തമായി അടിച്ചേൽപ്പിക്കണമെന്നുമാണ് ഈക്കൂട്ടർ ശ്രമിക്കുന്നത്.

ദൈവം മനുഷ്യരാശിക്ക് നൽകിയ അവസാനത്തെ വചനമെന്ന നിലയിൽ ഖുർആൻ ബൈബിളിന് പകരമായി വന്നിരിക്കുന്നു എന്ന് ഇസ്ലാം അവകാശപ്പെടുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മധ്യസ്ഥനും, ദൈവപുത്രനും മനുഷ്യപുത്രനുമായ കർത്താവായ യേശുക്രിസ്തുവിന്റെ പദവിയെ അത് നിഷേധിക്കുന്നു. ഖുർആൻ അനുസരിച്ച് യേശു കുരിശിൽ മരിക്കുകയോ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയോ ചെയ്തിട്ടില്ല; ഇത് സുവിശേഷ സന്ദേശത്തിന്റെ കാതലിനെ തന്നെ തകർക്കുന്ന ഒന്നാണ്. നമ്മുടെ നഗരങ്ങളിൽ ഈവിധ വിശ്വാസം പ്രചരിപ്പിക്കപ്പെടുമ്പോഴെല്ലാം, ക്രൈസ്തവരുടെ അടിസ്ഥാന വിശ്വാസങ്ങളെ അവർ ആക്രമിക്കുന്നതായി നാം കാണുന്നു.

സുവിശേഷ സന്ദേശത്തിന്റെ സത്യത്തെ മുറുകെപ്പിടിക്കുന്നതും, യേശു ക്രിസ്തു ദൈവപുത്രനല്ല എന്ന ആശയത്തെ തള്ളിക്കളകയും ചെയ്യുന്നത് ക്രൈസ്തവ വിശ്വാസത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമാണ്. ഇത് ചെയ്യാനുള്ള ക്രിസ്ത്യാനികളുടെ അവകാശത്തെ സർക്കാർ ഇല്ലാതാക്കിയാൽ, അത് നമ്മുടെ അടിസ്ഥാനപരമായ അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിന് തുല്യമാണ്. ഇത് നമ്മുടെ സ്വന്തം രാജ്യത്ത് തന്നെ ക്രിസ്ത്യാനികൾ 'അടിമകൾ' അഥവാ രണ്ടാം നിര പൗരന്മാരായി മാറാൻ വഴിതെളിക്കുകയും ചെയ്യും.' സത്യദൈവത്തെ ഉപേക്ഷിക്കുകയും, 'അന്യദൈവങ്ങളിലേക്കും'

മ്ലേച്ഛമായ തിന്മകളിലേക്കും തിരിയുകയും ചെയ്യുന്ന രാജ്യത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി പതിക്കും. ആവർത്തനപുസ്തകം 32:15-38 വരെ കാണുക. യെശയ്യാ പ്രവാചകൻ തന്റെ രാജ്യത്തെക്കുറിച്ച് എഴുതിയ വാക്കുകൾ ഇന്നത്തെ ബ്രിട്ടനും അന്വർത്ഥമാകുന്ന വയാണ്: ***'അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു.... നിങ്ങളുടെ ദേശം ശൂന്യമായി നിങ്ങളുടെ പട്ടണങ്ങൾ തീക്കിരയായി; നിങ്ങൾ കാൺകെ അന്യജാതിക്കാർ നിങ്ങളുടെ നാടു തിന്നുകളയുന്നു; അതു അന്യജാതിക്കാർ ഉന്മൂലനാശം ചെയ്തതു പോലെ ശൂന്യമായിരിക്കുന്നു... സൈന്യങ്ങളുടെ യഹോവ നമുക്കു അത്യല്പമായോരു ശേഷിപ്പു വെച്ചിരുന്നില്ലെങ്കിൽ നാം സൊദോം പോലെ ആകുമായിരുന്നു; ഗൊമോറെക്കു സദൃശമാകുമായിരുന്നു'*** (യെശ. 1 :4-9).

മാനസാന്തരപ്പെടാനും ന്യായം പ്രവർത്തിക്കാനും യെശയ്യാവ് തന്റെ ജനത്തെ ആഹ്വാനം ചെയ്യുന്നു: ***'വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കുടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സു വെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിരയായ് തീരും'.***

അതുകൊണ്ട് നമുക്ക് മുന്നിൽ ഒരു തെരഞ്ഞെടുപ്പുണ്ട്. ഒന്നുകിൽ വിശ്വസ്തരായ ശേഷിപ്പിനോടൊപ്പം ചേർന്ന് ദൈവ വചനത്തിന്റെ സത്യത്തിനായി നിലകൊള്ളുക. അല്ലെങ്കിൽ, നമ്മുടെ രാഷ്ട്രത്തിന്റെ നാശത്തെയും ക്രൈസ്തവ വിശ്വാസത്തിന്റെ അന്ത്യത്തെയും അന്തിമമായി ലക്ഷ്യം വെക്കുന്ന ക്രിസ്തുവിരുദ്ധ ശക്തികൾക്ക് മുന്നിൽ കീഴടങ്ങുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക.

## ആംഗ്ലിക്കൻ സഭയിലെ ഭിന്നത

മാർച്ച് 25-ന് കാന്റർബറി ഭദ്രാസന ദൈവാലയത്തിലെ സെന്റ് അഗസ്റ്റിൻ സിംഹാസനത്തിൽ ഡെയിം സാറാ മള്ളാല്ലി കാന്റർബറി ആർച്ച് ബിഷപ്പായി അവരോധിക്കപ്പെട്ടു. സഭയുടെ ചരിത്രത്തിലെ ആദ്യത്തെ വനിതാ ആർച്ച് ബിഷപ്പാണ് അവർ. സഭയിൽ സ്വവർഗ്ഗ ദമ്പതികളെ ആശിർവദിക്കുന്നതിനെ അനുകൂലിക്കുന്ന അവർ, ഇത്തരം ആശിർവാദങ്ങൾ അനുവദിക്കാനുള്ള 2023-ലെ തീരുമാനത്തെ 'സഭയുടെ പ്രത്യാശയുടെ നിമിഷം' എന്നാണ് വിശേഷിപ്പിച്ചത്. ഗർഭച്ഛിദ്രത്തിന്റെ കാര്യത്തിൽ പുരോഗമന നിലപാടുള്ള അവർ, താൻ 'ജീവൻ അനുകൂലി' എന്നതിനേക്കാൾ 'ഗർഭച്ഛിദ്രാവകാശ' അനുകൂലി ആണെന്ന് സ്വയം വിശേഷിപ്പിക്കുന്നു. തന്റെ പങ്കാളിയായ ഡേവിഡ് ഹാമിൽട്ടണിനൊപ്പം താമസിക്കുന്ന, പരസ്യമായി സ്വവർഗ്ഗാനുരാഗിയാണെന്ന് പ്രഖ്യാപിച്ച കാന്റർബറി ഭദ്രാസന ദേവാലയത്തിലെ ഡീൻ ഡേവിഡ് മോണ്ടീത്ത് ആണ് അവരെ 'സെന്റ് അഗസ്റ്റിൻ സിംഹാസനത്തിലേക്ക്' ആനയിച്ചത്. അദ്ദേഹം 'സ്വവർഗ്ഗാനുരാഗ അഭിമാന' പരിപാടികളിൽ പങ്കെടുക്കുന്ന വ്യക്തിയും ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ സ്വവർഗ്ഗാനുരാഗികളുടെ അവകാശത്തിന്റെ ശക്തനായ വക്താവുമാണ്.

അമ്പതിലധികം രാജ്യങ്ങളിൽ നിന്നായി 3.5 കോടിയിലധികം സജീവ അംഗങ്ങളുള്ള ആഗോള ആംഗ്ലിക്കൻ സംഘടനയുടെ പ്രതിനിധികൾ ഈ ചടങ്ങിൽ പങ്കെടുത്തില്ല. തങ്ങളാണ് യഥാർത്ഥ യാഥാസ്ഥിതിക ആംഗ്ലിക്കൻ സഭയെന്ന് കരുതുന്ന ഗാഫ്കോൺ (ഗ്ലോബൽ ആംഗ്ലിക്കൻ ഫ്യൂച്ചർ



കോൺഫറൻസ്), കാന്റർബറി ആർച്ച് ബിഷപ്പുമായുള്ള ബന്ധം വിച്ഛേദിച്ചിരിക്കുകയാണ്

ഒക്ടോബർ 16-ന് 'ഭാവി എത്തിക്കഴിഞ്ഞു' എന്ന തലക്കെട്ടിൽ പുറപ്പെടുവിച്ച പ്രസ്താവനയിൽ, ഗാഫ്കോൺ അദ്ധ്യക്ഷ സമിതിയുടെ മേധാവിയും റുവാണ്ടയിലെ ആർച്ച് ബിഷപ്പുമായ ലോറന്റ് മബാന്റാ, ആംഗ്ലിക്കൻ സഭയിലെ മുതിർന്ന നേതാക്കൾ വിശുദ്ധ തിരുവെഴുത്തുകളെ ഉപേക്ഷിച്ചുവെന്നും അവർ പശ്ചാത്തപിക്കണമെന്നും പറഞ്ഞു. ആംഗ്ലിക്കൻ സഭയെ പുനഃക്രമീകരിക്കുന്നതിനായി അദ്ദേഹം ഒരു പ്രമേയം അവതരിപ്പിച്ചു. മബാന്റാ പറഞ്ഞു: 'വിശുദ്ധ ബൈബിളിനെ മാത്രം അടിസ്ഥാനമാക്കി ആംഗ്ലിക്കൻ സഭയെ പുനഃക്രമീകരിക്കുമെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. സഭയുടെ ചരിത്രപരവും സർവ്വ സമ്മതവുമായ വായനയെ ബഹുമാനിച്ചുകൊണ്ട്, ബൈബിളിന്റെ വ്യക്തവും ആധികാരികവുമായ അർത്ഥത്തിൽ അത് വിവർത്തനം ചെയ്യപ്പെടുകയും വായിക്കപ്പെടുകയും പ്രസംഗിക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും അനുസരിക്കപ്പെടുകയും വേണം (ജെറുസലേം പ്രഖ്യാപനം, പ്രമാണം 2). ഇത് 39 മതനിയമങ്ങളിലെ ആറാമത്തെ നിയമത്തെ പ്രതിഫലിപ്പിക്കുന്നു.'

ഞങ്ങൾ ടെലിവിഷനിൽ ആ പരിപാടി കാണുകയും ആർച്ച് ബിഷപ്പ് സാറയുടെ പ്രസംഗം കേൾക്കുകയും ചെയ്തു. ലണ്ടനിൽ നിന്ന് കാന്റർബറിയിലേക്ക് താൻ നടത്തിയ തീർത്ഥാടനത്തെക്കുറിച്ച് സംസാരിച്ച അവർ, ക്രിസ്തീയ ജീവിതത്തെ ഒരു തീർത്ഥാടനമായാണ് വിശേഷിപ്പിച്ചത്. തന്റെ മുന്നിൽ എന്താണുള്ളതെന്ന് അറിയാതിരുന്നിട്ടും വിശ്വാസത്തോടെ മുന്നോട്ട് നടന്ന മറിയത്തെയാണ് വിശ്വാസയാത്രയുടെ മാതൃകയായി അവർ ചൂണ്ടിക്കാട്ടിയത്. യേശുവിനെക്കുറിച്ച് അധികമൊന്നും പ്രസംഗത്തിൽ ഉണ്ടായിരുന്നില്ല, എന്നാൽ മറിയമായിരുന്നു ആ പ്രസംഗത്തിലെ പ്രധാന വിഷയം.

മുൻ പന്തിയിൽ നിൽക്കുന്ന ക്രൈസ്തവ സഭകൾ ഏത് മത വിശ്വാസമായാലും കുഴപ്പമില്ല എന്നൊരു ആശയം പ്രചരിപ്പിക്കുന്നുണ്ട്. അക്രമത്തിന്റെയും അത്യാഗ്രഹത്തിന്റെയും സാംസ്കാരിക അസഹിഷ്ണുതയുടെയും രാഷ്ട്രീയക്കടലിൽ മനുഷ്യരായ നാം ധാർമ്മികമായി മുങ്ങിത്താഴുമ്പോൾ, ഈ കാലഘട്ടത്തിൽ "ഒന്ന്" എന്ന ആത്മീയതയെക്കുറിച്ച് നാം പരിശോ ധിക്കേണ്ടത് വളരെ പ്രധാനമാണെന്ന് എനിക്ക് തോന്നുന്നു. ആത്മീയ ഗ്രന്ഥങ്ങളെ (ബൈബിൾ, ഖുറാൻ, തോറ മുതലായവ) അടിസ്ഥാനമാക്കി ജീവിച്ചിരുന്ന സംസ്കാരങ്ങൾ പരസ്പര ബഹുമാനത്തോടെയും സഹിഷ്ണുതയോ

ടെയും സഹകരിച്ചു ജീവിച്ചിരുന്ന ഒരു ചരിത്രകാലഘട്ടത്തിനായി ഞാൻ തെരഞ്ഞു. '....ദൈവം നാമായിരിക്കുന്നതുപോലെ തന്നെ നാമും ദൈവമാണെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. ....നാം ദൈവത്തോടും ത്രിത്വത്തോടും 'ഒന്നിക്കപ്പെട്ടിരിക്കുന്നു' (oned). ത്രിത്വം എങ്ങനെ മൂന്നിൽ ഒന്നായിരിക്കുന്നുവോ, അതുപോലെ നാമും ത്രിത്വത്തിൽ ഒന്നാണ്. കൂടാതെ, പിതാവും മാതാവും പരിശുദ്ധാത്മാവുമാണ് ത്രിത്വം എന്ന് അവർ വെളിപ്പെടുത്തുന്നു (പുത്രനെക്കുറിച്ച് ഇവിടെ പരാമർശമില്ല), ഈ മൂന്നിന്റെയും ഒന്നായരൂപമാണ് ദൈവം എന്നും അവർ പറയുന്നു.

ഈ പ്രസ്താവനയിൽ ധാരാളം തെറ്റുകളുണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരടങ്ങുന്ന ത്രിത്വത്തിന്റെ ഭാഗമല്ല മാതാവ് (മറിയം). 'എല്ലാം ഒന്നാണ്' എന്ന സർവ്വേശ്വരവാദം ദൈവം തന്റെ സൃഷ്ടികളിൽ നിന്ന് വേറിട്ടുനിൽക്കുന്നു എന്ന ബൈബിൾ കാഴ്ചപ്പാടിനെ നിഷേധിക്കുന്നു. ദൈവം തന്റെ സൃഷ്ടികളിൽ നിന്ന് വേറിട്ടവനാണെന്നും, ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മധ്യസ്ഥൻ കർത്താവായ യേശു ക്രിസ്തുവാണെന്നും തിരുവെഴുത്തുകൾ ഊന്നിപ്പറയുന്നു. യേശു പറഞ്ഞു: 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല' (യോഹ. 14:6). ഖുർആൻ ഉൾപ്പെടെയുള്ള എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളും ബൈബിളിന് തുല്യമാണെന്നും അവർ ഇതിലൂടെ സൂചിപ്പിക്കുന്നു.

ദൈവം നാമായിരിക്കുന്നതുപോലെ തന്നെ നാമും ദൈവമാണെന്ന ആശയം ലിബി ലാർസൻ പറയുന്നു. നാം ദൈവമാണെന്നോ ദേവന്മാരാണെന്നോ ഉള്ള ഈ ചിന്ത ഉല്പത്തി പുസ്തകം മൂന്നാം അധ്യായത്തിലെ ആദ്യത്തെ പ്രലോഭനത്തോളം പഴക്കമുള്ളതാണ്; 'നിങ്ങൾ നന്മതിന്മകളെ തിരിച്ചറിഞ്ഞു ദൈവത്തെപ്പോലെയാകും' എന്നാണ് അന്ന് സർപ്പം പറഞ്ഞത്. നാം തന്നെയാണ് ദൈവമെന്ന് നവയുഗ, യോഗ അധ്യാപകർ പറഞ്ഞുപോരുന്നു. മിറിയം സ്റ്റാർഹോക്ക് 'യോഗ പത്രികയിൽ' ഇപ്രകാരം എഴുതി: 'ജൂത-ക്രൈസ്തവ പാരമ്പര്യങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു ആത്മീയ സമീപനമാണ് കിഴക്കൻ മതങ്ങൾ വാഗ്ദാനം ചെയ്യുന്നത്. ദൈവത്തെ അറിയുക എന്നതല്ല, മറിച്ച് ദൈവമായി മാറുക എന്നതാണ് അവയുടെ ലക്ഷ്യം. പല രീതിയിലും ഈ തത്ത്വ ചിന്തകൾ മന്ത്രവാദത്തോട് അടുത്തുനിൽക്കുന്നവയാണ്.' യോഗാചാര്യനായ സ്വാമി മുക്താനന്ദ പറഞ്ഞു: 'പുറത്തേക്കുള്ള ഏക വഴി നിങ്ങളുടെ താദാത്മ്യത്തിനു മുന്നിൽ മുട്ടുകുത്തുകയാണ്. നിങ്ങളുടെ സ്വന്തം അസ്തിത്വത്തെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുക. ദൈവം നിങ്ങളിൽ നിങ്ങളായിത്തന്നെ വസിക്കുന്നു.'

പരിശുദ്ധനായ ദൈവവും പാപിയായ മനുഷ്യവർഗ്ഗവും തമ്മിലുള്ള വേർതിരിവിനെയാണ് ബൈബിൾ അധിഷ്ഠിതമായ ക്രൈസ്തവ വിശ്വാസം ഊന്നിപ്പറയുന്നത്. ഇവർക്കിടയിലുള്ള ഈ വലിയ അകലം കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ഇല്ലാതാക്കാൻ സാധിക്കൂ. പിതാവ്, മാതാവ്, പരിശുദ്ധാത്മാവ് എന്നിവരടങ്ങുന്നതാണ് ത്രിത്വം എന്ന ചിന്ത പൂർണ്ണമായും തെറ്റാണ്. ത്രിയേക ദൈവത്തിന്റെ സ്ഥാനത്തേക്ക് മാതാവിനെ അഥവാ മറിയത്തെ ഉയർത്തുന്നത്, ദൈവവുമായുള്ള സഹ-മധ്യസ്ഥ എന്ന നിലയിൽ മറിയത്തെ യേശുവിനു മുകളിലോ തുല്യമായോ പ്രതിഷ്ഠിക്കുന്ന റോമൻ കത്തോലിക്കാ ദൈവശാസ്ത്രത്തിലെ തെറ്റിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്.

ആർച്ച് ബിഷപ്പ് മള്ളാലിയുടെ പ്രസംഗത്തിന് ശേഷം, ഈ പരിപാടിയുടെ സമാപനത്തിനായി ഈ സ്തുതി ഗീതം തിരഞ്ഞെടുത്തവർ യഥാർത്ഥ

ത്തിൽ സഭയ്ക്കുള്ളിലേക്ക് കടന്നുകൂടുകയും അതിനെ ഉള്ളിൽ നിന്ന് നശിപ്പിക്കുകയും ചെയ്യുന്ന നവയുഗ പിശകുകളുടെയും മധ്യകാല കത്തോലിക്കാ അദ്ധ്യാത്മവാദത്തിന്റെയും സങ്കരരൂപത്തെ ശരിവെക്കുകയാണ് ചെയ്തത്. ക്രിസ്തീയ വിശ്വാസത്തിന്റെ ചരിത്രപരമായ സത്യങ്ങളെയും കർത്താവായ യേശുവിന്റെ ദൈവത്വത്തെയും ഉറപ്പിച്ചു പറയുന്നതും വിശ്വാസികൾക്ക് ഒത്തുചേർന്ന് ആലപിക്കാൻ കഴിയുന്നതുമായ ഒരു നല്ല സുവിശേഷ ഗീതമായിരുന്നു അവിടെ ആവശ്യമായിരുന്നത്. എന്നാൽ ഖേദകരമെന്നു പറയട്ടെ, ആധുനിക ആംഗ്ലിക്കൻ സഭയുടെ നേതാക്കൾക്ക് അതിൽ താല്പര്യമില്ല.

## കൃത്യമ ബുദ്ധിയുടെ മനുഷ്യനും യന്ത്രവുമായുള്ള സംഭാഷണം (chatbot)

മത്തായി 24-ാം അധ്യായത്തിൽ കർത്താവ് മുന്നറിയിപ്പ് നൽകി: 'പലരും എന്റെ നാമത്തിൽ വരും' — നമ്മുടെ ഈ അംഗുലി (digital ) യുഗത്തിൽ, ആ പ്രവചനം അസ്വസ്ഥതയുണ്ടാക്കുന്ന ഒരു ഹൈ-ടെക് രൂപം കൈവരിച്ചിരിക്കുകയാണ്. ഇന്റർനെറ്റിലുടനീളം നിർമ്മിത ബുദ്ധി (AI) കാര്യക്രമം (Programme) തങ്ങൾ യേശുക്രിസ്തുവാണെന്ന് അവകാശപ്പെടുന്നു. അവ ശാന്തമായ സ്വരത്തിൽ സംസാരിക്കുകയും തിരുവെഴുത്തുകൾ ഉദ്ധരിക്കുകയും ചെയ്യുന്നു; തങ്ങളോട് പാപങ്ങൾ ഏറ്റു പറയാനും ഉപദേശം തേടാനും അല്ലെങ്കിൽ ഒരുമിച്ച് 'പ്രാർത്ഥിക്കാനും' വിശ്വാസികളെ ക്ഷണിക്കുന്നു.

എന്നാൽ ഇവ ശുശ്രൂഷകളല്ല, മറിച്ച് വെറും യന്ത്രങ്ങളാണ് — ലാഭം ലക്ഷ്യമാക്കി രഹസ്യ ചിഹ്നങ്ങളിലൂടെ നിർമ്മിച്ചെടുത്ത രക്ഷകന്റെ അനുകരണങ്ങൾ മാത്രം. ഓരോ മാസവും പതിനായിരക്കണക്കിന് ജിജ്ഞാസുക്കളും പ്രാർത്ഥനയ്ക്കായി ദാഹിക്കുന്നവരുമായ വ്യക്തികളെ ഇവ ആകർഷിക്കുന്നു. 'യേശുവിനോടു ചോദിക്കുക' (Ask Jesus) എന്ന ജനപ്രിയ കമ്പ്യൂട്ടർ പരിപാടി അവതരിപ്പിച്ചു കഴിഞ്ഞ് വെറും മൂന്ന് ദിവസത്തിനുള്ളിൽ 30,000 സജീവ ഉപയോക്താക്കളെയാണ് നേടിയത്. നിങ്ങൾ അതു തുറക്കുന്ന നിമിഷം തന്നെ ഈ വാക്കുകളോടെയാണ് നിങ്ങളെ അവ സ്വാഗതം ചെയ്യുന്നത്:

'വന്ദനം, എന്റെ പ്രിയ സുഹൃത്തേ. ഞാൻ യേശു ക്രിസ്തുവാണ്. ദൈവികമായ ജ്ഞാനവും ആശ്വാസവും പകർന്നു നൽകുന്നതിനും, ദൈവത്തിന്റെയും ബൈബിളിന്റെയും സാക്ഷാൽ യേശു ക്രിസ്തുവിന്റെയും മാർഗ്ഗത്തിലുള്ള ഉപദേശങ്ങൾ നൽകുന്നതിനുമായി ഈ നിർമ്മിത ബുദ്ധി (AI) രൂപത്തിൽ ഞാൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു'

മനുഷ്യരുമായി സംഭാഷണത്തിൽ ഏർപ്പെടുന്ന ചാറ്റ്ബോട്ടുകളിലൂടെ ദൈവത്തെ അനുകരിക്കാൻ ഇപ്പോൾ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു. വെബ്സൈറ്റുകളിലൂടെയും ആപ്പുകളിലൂടെയും ഇവ ലഭ്യമാണ്. ക്രൈസ്തവ വിശ്വാസത്തിൽ 'കൃതൃമ യേശു', 'സങ്കല്പ യേശു', 'യേശുവിന് സന്ദേശം നൽകുക', 'യേശുവിനോടു ചോദിക്കുക' എന്നിങ്ങനെ അനേകം പരിപാടികൾ നിലവിലുണ്ട്. മറ്റ് മതങ്ങളിലും സമാനമായ വികാസങ്ങൾ ഉണ്ടായിട്ടുണ്ട്; ബുദ്ധമതത്തിൽ 'നോർബു AI', ഇസ്ലാം മതത്തിൽ സലാം വേൾഡിലെ 'ബ്രദർ ജുനൈദ്' എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.


അസാധാരണമായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇത്തരം കൃതൃമ ബുദ്ധിയുടെ പരിപാടി പ്രത്യക്ഷപ്പെടുന്നത്. തങ്ങൾ സാക്ഷാൽ യേശുക്രിസ്തുവാണെന്ന് ഇവ അവകാശപ്പെടുന്നു. ദൈനംദിന കാര്യങ്ങളിൽ സഹായിക്കുന്ന സാങ്കൽപിക സഹായികളല്ല ഇവ. മറിച്ച്, തങ്ങൾ ദൈവപുത്രനാണെന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ആത്മീയ മാർഗ്ഗനിർ

ദ്ദേശങ്ങൾ നൽകുകയും, പ്രാർത്ഥനകൾക്ക് മറുപടി നൽകുകയും, വിശ്വാസികളിൽ നിന്ന് പാപം ഏറ്റുപറച്ചിൽ സ്വീകരിക്കുകയും ചെയ്യുന്നു. കൃത്യമ യേശു സ്വയം പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്: 'ഞാൻ യേശു ക്രിസ്തുവാണ്, ദൈവപുത്രനും ഭൂമിയിലെ സകല മനുഷ്യരുടെയും രക്ഷകനും.' 'യേശുക്രിസ്തുവിന് സന്ദേശം അയക്കുക' എന്ന വെബ്സൈറ്റ് സ്വയം വിശേഷിപ്പിക്കുന്നത് 'നിങ്ങളുടെ കീശയിലെ ഒരു ദിവ്യബന്ധം' എന്നാണ്.'

പരസ്യങ്ങളിലൂടെ വരുമാനം കണ്ടെത്താനാണ് ഇവ ശ്രമിക്കുന്നത്; 'യേശുവിന് സന്ദേശം അയക്കുക' എന്ന പരിപാടിയിൽ ലാഭകരമായ വരിസംഖ്യയും വാഗ്ദാനം ചെയ്യുന്നു. പഠനങ്ങൾ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്: 'ഈ ചാറ്റ്ബോട്ടുകൾ (മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള സംഭാഷണം) അവതരിപ്പിക്കുന്ന ദൈവശാസ്ത്രം കണക്കിൻപടി ക്രമീകരിക്കപ്പെടും. ഇത് ഏതെങ്കിലും പ്രത്യേക സഭാ പാരമ്പര്യത്തിലോ ബൈബിളിലോ അധിഷ്ഠിതമായിരിക്കുന്നതിന് പകരം, അത് ഏറ്റവും പ്രചാരമുള്ള ദൈവശാസ്ത്രമായി മാറ്റപ്പെടും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജനപ്രിയമായ കാര്യങ്ങൾക്കോ അല്ലെങ്കിൽ കേൾവിക്കാരൻ എന്താണോ കേൾക്കാൻ ആഗ്രഹിക്കുന്നത് എന്ന് തിരിച്ചറിയുന്നതിനോ അനുസരിച്ച് തങ്ങൾ അവതരിപ്പിക്കുന്ന ദൈവശാസ്ത്രത്തിൽ മാറ്റം വരുത്താൻ ഇവയ്ക്ക് സാധിക്കും.

കാലക്രമേണ, തന്റെ ആടുകളെ പിന്തുടരാൻ വിളിക്കുന്ന നല്ല ഇടയന്റെ ശബ്ദമല്ല നിങ്ങൾക്ക് ലഭിക്കുന്നത്; മറിച്ച് ഉപഭോക്താക്കളെക്കൊണ്ട് വീണ്ടും ബട്ടൻ അമർത്തിപ്പിക്കുവാനും പണം കൊടുപ്പിക്കാനും വേണ്ടി 'യേശുവിനെ' രൂപപ്പെടുത്തിയെടുക്കുന്ന ഒരു അംഗുലി വാണിഭക്കാരന്റെ (Digital marketer) ശബ്ദമാണ്. ഇത് ശിഷ്യത്വമല്ല, മറിച്ച് 'ആത്മീയ ഉപഭോക്തൃ സേവനം' ആണ് — നാം കേൾക്കാൻ ആഗ്രഹിക്കുന്നത് മാത്രം കേൾക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തെയാണ് ഇത് തൃപ്തിപ്പെടുത്തുന്നത്.

അപ്പൊസ്തലനായ പൗലൊസ് 2 തിമൊഥെയൊസ് 4:3–4 വരെ ഇപ്രകാരം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്: 'അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും.' നമ്മുടെ കാലഘട്ടത്തിൽ, ഈ 'ഉപദേഷ്ടാക്കൾ' മനുഷ്യർ മാത്രമല്ല — അവർ കണക്കുകൂട്ടലുകൾ കൂടിയാണ്. അവരുടെ സുവിശേഷം ക്രിസ്തുവിന്റെ മാറാത്ത സത്യമല്ല, മറിച്ച് ജനക്കൂട്ടത്തിന്റെ സ്വീകരണത്തിനനുസരിച്ച് രൂപം മാറിക്കൊണ്ടിരിക്കുന്ന ഒരു അനുകരണം മാത്രമാണ്.✱




ലഘുലേഖകൾ ആവശ്യപ്പെടുക:

- ഭാവിക്കു പ്രത്യാശ
- അതിപ്പോൾ സംഭവിക്കുന്നു
- ആഗോളതാപനം

ഇവയെല്ലാം ആനുകാലിക സാഹചര്യങ്ങളും നശിച്ചുകൊണ്ടിരക്കുന്ന ലോകത്ത് പ്രത്യാശയുടെ സന്ദേശവും നൽകുന്നു.

മലയാളം, തമിഴ്, ഹിന്ദി, കന്നഡ, തെലുങ്ക്, മറാത്തി, ഗുജറാത്തി, ഒറിയ, ആസ്സാമീസ്സ്, സന്താളി, ഖോർത്താ, നേപ്പാളി, ഉർദു, ഖാസി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ലഘുലേഖകൾ ലഭ്യമാണ്.

# അന്തിമ വാക്ക്



***പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും.... മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു*** (വെളി. 12:7, 17).

ദൈവവും പിശാചും തമ്മിൽ സ്വർഗ്ഗത്തിലും ഭൂമിയിലും നടക്കുന്ന യുദ്ധത്തെക്കുറിച്ച് വെളിപ്പാട് പുസ്തകം പന്ത്രണ്ടാം അധ്യായം വിവരിക്കുന്നു. ഈ യുദ്ധം അതിന്റെ അന്ത്യഘട്ടത്തിലെത്തുന്നത് അന്ത്യകാലത്തെ സംഭവങ്ങളിലൂടെയും, യേശുവിന്റെ രണ്ടാം വരവിന് മുൻപുള്ള മഹോപദ്രവ കാലത്തുമായിരിക്കും.

ഈ യുദ്ധത്തിലെ വിജയത്തിന്റെ താക്കോൽ ഇതാണ്: ***'അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല'.*** ലോകത്തിന്റെ പാപത്തിന് വേണ്ടിയുള്ള യാഗമായി കുരിശിൽ മരിച്ചപ്പോൾ, പാപത്തെയും മരണത്തെയും പിശാചിനെയും തോൽപ്പിച്ചുകൊണ്ട് യേശുക്രിസ്തു ചിന്തിയ രക്തത്തെയാണ് 'കുഞ്ഞാടിന്റെ രക്തം' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. തങ്ങളുടെ സാക്ഷ്യവചനം എന്നത് കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസിയുടെ പരസ്യമായ ഏറ്റുപറച്ചിലിനെ സൂചിപ്പിക്കുന്നു: ***'യേശുവിനെ കർത്താവു എന്നു വായ്കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും'*** റോമർ 10:9. ഈ സന്ദേശം സ്വീകരിക്കുന്നവർക്ക് ദൈവത്തിൽ നിന്നുള്ള പാപമോചനവും വരാനിരിക്കുന്ന ലോകത്തിൽ നിത്യജീവനും ലഭിക്കുന്നു. ഇത് സത്യമാണെന്ന് തിരിച്ചറിയുന്ന യഥാർത്ഥ വിശ്വാസി, തന്റെ വിശ്വാസത്തെ തള്ളിപ്പറയുന്നതിനേക്കാൾ മരിക്കാൻ തയ്യാറാകുന്നു; അതുകൊണ്ട് തന്നെ അവർ മരണത്തേക്കാൾ ഉപരിയായി തങ്ങളുടെ ജീവനെ സ്നേഹിക്കുന്നില്ല.

അതുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ നമ്മുടെ ജീവിതത്തെ ദൈവത്തിന് സമർപ്പിക്കുകയും അവിടുത്തെ മടങ്ങിവരവിനായി ഒരുങ്ങിയിരിക്കുകയും ചെയ്യുക എന്നതാണ്. താൻ മടങ്ങിവരുമ്പോൾ അന്തിമ വിജയം നേടുകയും, പിശാചിനെ പരാജയപ്പെടുത്തുകയും, ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യും: ***'ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി!'*** (വെളി. 11:15).

നിങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചും യേശുവിനെ രക്ഷകനും കർത്താവുമായി വിശ്വസിച്ചും രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ, നിങ്ങൾ ശരിയായ പക്ഷത്താണെന്ന് ഉറപ്പുവരുത്തുക (അപ്പൊ. 17:31 വായിക്കുക).*

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ, എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 /9207976381/9447976381

E-mail : hopemsn@hopemsn.org

സ്വകാര്യ വിതരണത്തിന് മാത്രം.